# ശൈഖ് മുഹമ്മദ്
# ഇബ്നു അബ്ദില്‍ വഹ്ഹാബ് رَحِمَهُ اللهُ
# ചരിത്രവും സന്ദേശവും

**(Malayalam)**

# شيخ محمد بن عبدالوهاب

[ باللغة مليالم ]


അബ്ദുല്‍ ജബ്ബാര്‍ അബ്ദുല്ല

تأليف: عبد الجبار عبدالله



കോഓപറേറ്റീവ് ഓഫീസ് ഫോര്‍ കാള്‍ ആന്‍റ് ഗൈഡന്‍സ് ദമ്മാം – സൗദി അറേബ്യ

المكتب التعاوني للدعوة وتوعية الجاليات بالدمام

Web Edition by:

islamhouse.com

١٤٣١هـ - ٢٠١٠م

بسم الله الرحمن الرحيم

## അവതാരിക

ഹിജ്റയുടെ 12ാം നൂറ്റാണ്ടിന്റെ ആരംഭ കാലഘട്ടം(ക്രിസ്താബ്ദം 18ാം നൂറ്റാണ്ട്) മുതൽ ലോകം ഒരു അനുഗ്രഹീത ഇസ്ലാ ഹീ ദഅ്വത്തിന് സാക്ഷിയാണല്ലോ? അഥവാ ശൈഖ് മുഹമ്മദ് ഇബ്നു അബ്ദിൽ വഹ്ഹാബ്, ഇമാം മുഹമ്മദ് ഇബ്നു സഊദിന്റെ സഹായത്തോടെ അറേബ്യക്ക് പ്രത്യേകിച്ചും, ലോകത്തിന് പൊതുവിലും സമ്മാനിച്ച നവോത്ഥാന ചരിത്രത്തിന്.

ഏതൊരു നവജാഗരണവും ലോകത്ത് പ്രത്യക്ഷപ്പെടുന്നതിനുമുമ്പുള്ള അവസ്ഥ നോക്കിയാൽ ആത്മീയ രംഗം തീർത്തും അ സ്ഥതമുറ്റി വഴിതെറ്റി, ജീർണ്ണമായി, കാണപ്പെ ടാറുണ്ട്. പക്ഷേ, പുലരിയെ അനുസ്മരിക്കു മാറ് നവോത്ഥാനം കടന്നുവരും. കാരണം, ഉഷംകാലത്തിന്റെ കൂരാകൂരിരുട്ട് കാണ പ്പെടുന്നത് പ്രഭാതോദയത്തിന്റെ തൊട്ടുമുമ്പാണല്ലോ?

ഹിജ്റയുടെ 12ാം നൂറ്റാണ്ടിന് തൊട്ടു മു മ്പ് അറേബ്യയുടെ അവസ്ഥ വിശേഷിച്ചും ലോക മുസ്ലീംകളുടെ അവസ്ഥ പൊതുവി ലും ആത്മീയമായി ഇരുട്ടിലായിരുന്നു. ധാർ മ്മികമായി ആപതിച്ച ഏതൊരു ജനവി ഭാഗത്തിന്റേയും ദുനിയാവ് എത്രമാത്രം ക്ഷേ മ(?)കരമായിരിക്കും എന്നു പറയേണ്ടതില്ല ല്ലോ?

ശൈഖ് സുലൈമാൻ ഇബ്നു സഹ്മാ ൻ അന്നത്തെ മുസ്ലീംകളുടെ അവസ്ഥ ഇ പ്രകാരം വിശദീകരിക്കുന്നു: ജനങ്ങൾ തൗ ഹീദിന്റേയും ദീനിന്റേയും കടിഞ്ഞാൺ ഊ രിവെച്ചു. ഔലിയാക്കൾ, സ്വാലിഹീങ്ങൾ, വി ഗ്രഹങ്ങൾ, ക്വബ്റുകൾ, പിശാചുക്കൾ, എ ന്നിവരോട് സഹായാർത്ഥന നടത്തുന്നതി ലും അല്ലാഹുﷻ അല്ലാത്തവരോട് ബന്ധപ്പെ ടുന്നതിലും മത്സരിച്ചു. കല്ലുകൾ, നിർജീവ വസ്തുക്കൾ, വൃക്ഷങ്ങൾ എന്നിവയിൽ നി ന്ന് ഉപകാരം ലഭിക്കുമെന്ന വിശ്വാസം വെ ച്ചുപുലർത്തുകയും, അവയിൽ നിന്ന് ബർക്ക ത്തെടുക്കുകയും ചെയ്യുവാൻ തുടങ്ങി...... (അദ്ദ്വിയഹഉല്ലാമിഅ് പേ: 7)

പക്ഷേ, സത്യം ക്ഷയിക്കുകയും അ സത്യം അടക്കി വാഴുകയും ചെയ്യുന്ന കാല ങ്ങളിൽ ദീനിനെ യഥാവിധം നിലനിർത്തു വാനും നന്മ കൽപ്പിക്കുവാനും തിന്മ വിരോ ധിക്കുവാനും ഒരു വിഭാഗത്തെ അല്ലാഹുﷻ ഈ ഭൂമിയുടെ പരപ്പിൽ നിലനിർത്തും. നബി ﷺ പറഞ്ഞു:

إِنَّ اللهَ يَبْعَثُ لِهَذِهِ الأُمَّةِ عَلَى رَأْسِ كُلِّ مِائَةِ سَنَةٍ مَنْ يُجَدِّدُ لَهَا دِينَهَا

((നിശ്ചയം, അല്ലാഹു ഈ ഉമ്മത്തിന് ഓ രോ നൂറുവർഷത്തിന്റേയും തുടക്കത്തിൽ ത ങ്ങളുടെ ദീനിനെ തജ്ദീദ് ചെയ്യുന്ന ആളു കളെ നിയോഗിക്കും))

(അബൂഹുറയ്റﷺവിൽ നിന്നും ഇമാം അ ബൂദാവൂദ് റിപ്പോർട്ട് ചെയ്തത്) പ്രസ്തുത ഹദീഥിനെ വിശദീകരിച്ച് ഇമാം മനാവിﷻ പറയുന്നു: ‘‘യുജദ്ദിദുല ഹാ ദീനഹാ’’ അഥ വാ ബിദ്അത്തുകളിൽ നിന്ന് സുന്നത്തിനെ വ്യക്തമാക്കി കൊടുക്കുന്ന, വിജ്ഞാനം പെ രുപ്പിക്കുന്ന, ദീനീ വിജ്ഞാനത്തിന്റെ ആളു കളെ സഹായിക്കുന്ന, ബിദ്അത്തിന്റെ ആളു കളെ തകർക്കുകയും അവരെ അപകീർത്തി പ്പെടുത്തുകയും ചെയ്യുന്ന, ഒന്നോ ഒന്നില ധികമോ ആളുകളെ നിയോഗിക്കും....... (ഫ യ്ദ്വുൽക്വദീർ2: 28)

ഉപരിസൂചിത പ്രവചനം, കാലാകാലങ്ങ ളിൽ മുജദ്ദിദുകളുടെ രംഗപ്രവേശനങ്ങളി ലൂടെ പുലർന്നുകൊണ്ടിരുന്നു എന്ന വിഷ യം ഇസ്ലാമിക ചരിത്രം നമ്മെ പഠിപ്പിക്കു ന്നു. ഒരു തജ്ദീദ് അനിവാര്യമായ ഘട്ടത്തി ലാണ് ശൈഖ് മുഹമ്മദ് ഇബ്നു അബ്ദിൽ വഹ്ഹാബ്, ഇമാം മുഹമ്മദ് ഇബ്നു സ ഊദിന്റെ സഹായത്തോടെ അറേബ്യയിൽ ഒരു അനുഗ്രഹീത ഇസ് ലാഹീ ദഅ്വത്തിന് എഴുന്നേറ്റു നിൽക്കുന്നത്. അതും 12ാം നൂറ്റാണ്ടിന്റെ തുടക്കത്തിൽ.

ഇവിടെ, ഈ കൃതിക്ക് തൂലികയേന്തു മ്പോൾ ആരാണ് ശെയ്ഖ്? എന്താണ് അദ്ദേ ഹത്തിന്റെ ജീവിത ചരിത്രം? എന്താണ് അദ്ദേ ഹത്തിന്റെ സന്ദേശം? അദ്ദേഹത്തിനെതിരിൽ കുപ്രചാരകർ നടത്തിയ പ്രചാരണവേലക ളുടെ നിജഃസ്ഥിതി എന്ത് ? എന്നിത്യാദി കാ ര്യങ്ങൾ ചുരുക്കി വ്യക്തമാക്കുക മാത്രമാ ണ് ചെയ്യുന്നത്.

സുഹൃത്തെ, ഈ ലഘുകൃതി നിങ്ങളു ടെ മുന്നിൽ വെക്കുന്നു. ഇതിൽ ശൈഖിന്റെ ചരിത്രം ഹ്രസ്വമായി കൊടുത്തിട്ടുണ്ട്. തന്റെ ‘അക്വീദ’ വ്യക്തമാക്കി അദ്ദേഹം എഴുതിയ ‘‘ഹാദിഹി അക്വീദതി’’ എന്ന ലഘുരചന യുടെ വിവർത്തനം നൽകിയിട്ടുണ്ട്. തനി ക്കെതിരിൽ പ്രചരിപ്പിക്കപ്പെട്ട പ്രചണ്ഡമായ കളവുകൾക്കും, സന്ദേഹങ്ങൾക്കും, അദ്ദേ ഹം നൽകിയ മറുപടിയുമുണ്ട്. അനിവാര്യ മായ ചില അടിക്കുറിപ്പുകൾ കാര്യങ്ങൾ ഗ്രഹിക്കാനുതകും വിധം നൽകിയിട്ടുണ്ട്. വായിക്കുക, വീഴ്ചകളെ ഉണർത്തിത്തരിക.

സലഫുകളുടെ മാർഗ്ഗത്തിൽ ജീവിതം നയിച്ച് പരലോകത്തേക്ക് യാത്രയായ ഒരു മഹാൻ അന്ധമായി അക്രമിക്കപ്പെടുകയും അദ്ദേഹത്തിന്റെ ചരിത്രം വികലമായി ചിത്രീ കരിക്കപ്പെടുകയും ചെയ്യുമ്പോൾ യാഥാർ ത്ഥ്യം വ്യക്തമാക്കുക മാത്രമാണ് ഈ രചന യിലൂടെ നിർവ്വഹിക്കപ്പെടുന്നത്. “ഞങ്ങളു ടെ രക്ഷിതാവേ,

ഞങ്ങൾക്കും സത്യവിശ്വാ സത്തോടെ ഞങ്ങൾക്ക് മുമ്പ് കഴിഞ്ഞ് പോയിട്ടുള്ള ഞങ്ങളുടെ സഹോദരന്മാർക്കും നീ പൊറുത്തുതരേണമേ. സത്യവിശ്വാസം സ്വീ കരിച്ചവരോട് ഞങ്ങളുടെ മനസ്സുകളിൽ നീ ഒരു വിദ്വേഷവും ഉണ്ടാക്കരുതേ. ഞങ്ങളു ടെ രക്ഷിതാവേ, തീർച്ചയായും നീ ഏറെ ദയയുള്ളവനും കരുണാനിധിയുമാകുന്നു.” (സൂറ: അൽഹശ്റ്. 10)

ഈ രചനയിൽ സഹകരിച്ചവർ പല രുമാണ്. പേജുകളിൽ അക്ഷരങ്ങൾ നിര ത്തുവാൻ സഹായിച്ച സഹോദരൻ നൗഷാദ് തരുവനന്തപുരം പരിശോധിക്കുവാൻ സഹ കരിച്ച സുഹൃത്തുക്കളായ മാഹീൻ മുഹ മ്മദ്, മുഹമ്മദ് റയ്യാൻ, തുടങ്ങിയവർ.. അല്ലാ ഹു ﷻ എല്ലാവർക്കും അർഹിക്കുന്ന പ്രതിഫ ലം നൽകുമാറാകട്ടെ... അല്ലാഹുവേ, നിന്റെ വജ്ഹിന്നായിമാത്രം. നീ ഇതൊരു സൽക്കർമ്മമായി സ്വീകരിക്കേണമേ. ആമീൻ!

അബ്ദുൽ ജബ്ബാർ അബ്ദുല്ല

# ശൈഖ് മുഹമ്മദ് ഇബ്നു അബ്ദുൽ വഹ്ഹാബ് رحمه الله യുടെ ജീവിതചരിത്രം

**പേര്:** ശൈഖ് അബൂ അബ്ദില്ലാഹ് മുഹമ്മദ് ഇബ്നു അബ്ദിൽ വഹ്ഹാബ് ഇബ്നു സുലയ്മാൻ ഇബ്നു അലി അൽമശ്റഫീ അന്നജ്ദീ അത്തമീമി رحمه الله. അബൂ ഹുസെയ്ൻ എന്നും അദ്ദേഹത്തിന് വിളിപ്പേരുണ്ട്.

**ജനനം:** ഹിജ്റ 1115–ൽ(ക്യസ്താബ്ദം-1703) നജ്ദിലെ റിയാദിനടുത്തുള്ള ഉയയ്നയിൽ.

**പഠനജീവിതം:** തൻെറ പിതാവ് അബ്ദുൽ വഹ്ഹാ ബ് ഇബ്നു സുലയ്മാൻ رحمه الله നൊപ്പം വിജ്ഞാനം നിറഞ്ഞുനിന്ന വീട്ടിലാണ് അദ്ദേഹം തൻെറ ബാല്യം ചിലവഴിച്ചത്. പിതാവ് അബ്ദുൽ വഹ്ഹാബ് ഉയയ്നയിലെ ക്വാദിയായിരുന്നു. പിതാവിനുമുന്നിൽ തഫ്സീറിലേയും ഹദീഥിലേയും ഹമ്പലീഫിക്വ്ഹിലേ യും പ്രാഥമിക പാഠങ്ങൾ ഓതിപ്പഠിച്ച അദ്ദേഹം തൻെറ പത്താം വയസ്സിൽ ക്വുർആൻ മനഃപാഠമാക്കി. പ്രാഥമികപഠനം നജ്ദിൽ പൂർത്തിയാക്കിയ ശൈഖ്, ഹിജാസിൽ മക്കയിലും മദീനയിലും താമസിച്ചു കൊണ്ട് തൻെറ പഠനം തുടർത്തി. പ്രഗൽഭ പണ്ഡിതന്മാരിൽ നിന്നും വിജ്ഞാനം നുകർ ന്നശേഷം അദ്ദേഹം 'ഉയയ്നയി'ലേക്ക് മടങ്ങി. ശേഷം ഇറാക്വിലേക്ക് യാത്രതിരിച്ചു. ബസ്വ്റ, ബഗ്ദാദ്, മൗസ്വിൽ എന്നി സ്ഥലങ്ങളിൽ മാറിമാറി വിജ്ഞാനം അഭ്യസിച്ച ശൈഖ് വരേണ്യരായ ഒട്ടനവധി ശൈഖന്മാരുടെ ശിഷ്യത്വം സ്വീകരിച്ചിട്ടുണ്ട്. പിതാവ് അബ്ദുൽ വഹ്ഹാബ്, ശൈഖ് മുഹമ്മദ് ഇബ്നു ഹയാതു സ്സിന്ദി, ശൈഖ് അബ്ദുല്ലാഹ് ഇബ്നു ഇബ്റാഹീം അന്നജ്ദീ. ശൈഖ് മുഹമ്മദ് അൽജമ്മൂഈ എന്നിവർ പ്രധാന ഗുരുനാഥന്മാരാണ്.

**പ്രബോധന ജീവിതം:** ഇറാക്വിൽ ബസ്വറയിലെ പഠന ശേഷം ശൈഖ് മുഹമ്മദ് ബസ്വ്റയിൽനിന്ന് അഹ്സ യിലേക്ക് യാത്ര തിരിക്കാൻ നിർബന്ധിതനായി. കാരണം ഉയയ്നയിലും ഹിജാസിലും പഠനം നടത്തു മ്പോൾ ശിർക്ക്-ബിദ്അത്തുകളേയും അന്ധവിശ്വാസ ങ്ങളേയും എതിർത്തിരുന്നപോലെ ഇറാക്വിലും അദ്ദേഹം തിന്മകളെ എതിർക്കുവാൻ തുടങ്ങി. അവിടുത്തെ ശിയാക്കളും ക്വുബൂരികളും തന്നെ വധിക്കുവാൻ ഗൂഢാലോചന നടത്തുകയും വധഭീഷണി മുഴക്കുകയും ചെയ്തപ്പോൾ അദ്ദേഹം ബസ്വറയിൽനിന്ന് കാൽനടയായി ഇറാക്വിലെ സുബയ്ർ എന്ന ഗ്രാമത്തിലേക്ക് പാലായനം ചെയ്തു. ശത്രുക്കൾ ബസ്വറയിൽനിന്ന് തന്നെ കൊള്ളയടിച്ചതു കാരണം ഭക്ഷണ-പാനീയമൊന്നു മില്ലാതെ കാൽനടയായുള്ള പ്രസ്തുത യാത്രയിൽ അദ്ദേഹം മരണം മുന്നിൽ കണ്ടു. 'സുബയ്ർ' എന്ന ഗ്രാമത്തിൽ ഏതാനും നാളുകൾ താമസിച്ച് അദ്ദേഹം 'അൽഅഹ്സ'യിലേക്ക് യാത്ര തിരിച്ചു. അവിടെനിന്ന് 'ഹുറയ്മിലാ'യിൽ തൻെറ പിതാവിനൊപ്പം താമസ മാക്കിയ ശൈഖ് തൗഹീദീപ്രബോധ നത്തിൽജാഗരൂക നായി. ഹി.1193–ൽ(ക്യസ്താബ്ദം-1730) ഒരുസംഘം തൗഹീദിൻെറശത്രുക്കൾ അദ്ദേഹത്തെ വധിക്കുവാ നുള്ള ശ്രമങ്ങൾ നടത്തിയപ്പോൾ അദ്ദേഹം അവിടം വിട്ടു. 'ഉയയ്ന'യിൽ എത്തിപ്പെട്ട ശൈഖ് അവിടുത്തെ അമീറായിരുന്ന ഉഥ്മാൻ ഇബ്നു

മഅ്മറിന് തൻെറ ദഅ്വത്ത് കേൾപ്പിക്കുകയും അവിടങ്ങളിൽ കെട്ടിയുയർത്തപ്പെട്ട ജാറങ്ങളും ഖുബ്ബകളും തകർക്കുകയുമുണ്ടായി. 'ഉയയ്ന'യിൽ വെച്ച് ഒരു സ്ത്രീ താൻ വ്യഭിചരിക്കുന്നുവെന്ന് സ്വയം അംഗീക രിച്ച് ഏറ്റുപറഞ്ഞപ്പോൾ വിവാഹിതയായ അവളെ ശറഈനിയമപ്രകാരം ശൈഖും അമീറും എറിഞ്ഞു കൊന്നു.

അന്ന് 'അൽഅഹ്സാഅ്' പ്രവിശ്യക്ക് കീഴിലെ ഒരു കൊച്ചുനാടായിരുന്നു 'ഉയയ്ന'. അതിനാൽ അൽ അഹ്സായിലെ അമീറായിരുന്ന ഉറയ്ഇർ ഇബ്നു ദുജയിൻ, ഉഥ്മാൻ ഇബ്നു മുഅമ്മറിന് ഒരു കത്തെഴുതുകയുണ്ടായി. ശൈഖിന് വധശിക്ഷനൽ കുവാനുള്ള ഉത്തരവായിരുന്നു പ്രസ്തുത കത്തിൽ. ചില ബിദ്ഈനേതാക്കളും ഇപ്രകാരം ശൈഖിൻെറ ദഅ്വത്തിനെ തെറ്റിദ്ധരിപ്പിച്ചുകൊണ്ട് ഉഥ്മാൻ ഇബ്നു മുഅമ്മറിന് കത്തെഴുതുകയുണ്ടായി. പക്ഷേ ഇബ്നു മുഅമ്മർ എവിടേക്കെങ്കിലും നാടുവിട്ടുപോ കാൻ ശൈഖിനെ നിർബന്ധിച്ചു. അങ്ങനെ 1158–ൽ അദ്ദേഹം ദർഇയ്യ(ദേര)യിലേക്ക് പാലായനം ചെയ്യുകയും അവിടെ മുഹമ്മദ് ഇബ്നു സുവയ്ലിം അൽഉറയ്നി എന്ന വ്യക്തിയുടെ അടുക്കൽ ഒരു അതിഥിയായി താമസിക്കുകയും ചെയ്തു.

ദർഇയ്യ(ദേര) എന്ന സ്ഥലം സഊദ് കുടുംബ ത്തിൻെറ തലസ്ഥാനമായിരുന്നു. ഹി-1139 മുതൽ 1179 വരെ ദർഇയ്യ(ദേര) ഭരിച്ചിരുന്ന സൗദ് കുടുംബ ത്തിലെ മുഹമ്മദ് ഇബ്നു സഊദ്, ശൈഖിൻെറ ആഗമനവാർത്തയറിഞ്ഞ് അദ്ദേഹത്തെ ഹൃദ്യമായി സ്വീകരിച്ചു. അദ്ദേഹത്തെ സംരക്ഷിക്കാമെന്നും ശക്തി പ്പെടുത്താമെന്നും വാക്കുനൽകി. അന്ന് അമീർ മുഹമ്മദ് ഇബ്നുസഊദും ശൈഖും തമ്മിൽ നടന്ന സംഭാഷണങ്ങളിൽ ഒന്ന് ഇപ്രകാരം ചരിത്രത്തിൽ പ്രസിദ്ധമാണ്:[1]

അമീർ: താങ്കളുടെ നാടി(ഉയയ്ന)നേക്കാളും ഉത്തമ മായ ഒരുനാടു(ദർഇയ്യ)കൊണ്ട് സന്തോഷിക്കുക. പ്രതാപവും ശക്തിയും കൊണ്ട് സന്തോഷിക്കുക.

ശൈഖ്: താങ്കൾക്ക് പ്രതാപവും ആധിപത്യവും ഉണ്ടാ കുമെന്ന് ഞാൻ സുവിശേഷമറിയിക്കുകയാണ്. ഇതാ 'ലാഇലാഹ ഇല്ലല്ലാഹ്' എന്നകലിമ. ആര് ഇതിനെ മുറു കെപ്പിടിക്കുകയും, സഹായിക്കുകയും ഇതു കൊണ്ട് പ്രവർത്തിക്കുകയും ചെയ്തുവോ അയാൾ നാടുകളേയും ആളുകളേയും ഉടമപ്പെടുത്തും. ഇതത്രെ കലിമത്തുതൗഹീദ്. ഇതിലേക്കത്രെ നബിമാര ഖിലവും ക്ഷണിച്ചത്. അല്ലാഹു ﷻവിൻെറ ദാസന്മാരായ മുസ്ലിംകൾ ഭൂമിയെ അനന്തരമെടുക്കുന്നതാണ്.

അതോടെ അമീർ മുഹമ്മദ് ഇബ്നു സഊദ് ശൈഖിന് മുമ്പിൽ രണ്ട് നിബന്ധനകൾവെച്ചു.

1. ശൈഖ് അവരെവിട്ട് മറ്റൊരിടത്തേക്ക് പോകുവാൻ പാടില്ല. അവരല്ലാത്ത മറ്റൊരു വിഭാഗത്തെ പകരമായി സ്വീകരിക്കുവാനും പാടില്ല.
2. ദർഇയ്യാനിവാസികളിൽ നിന്ന് പഴക്കാലമായാൽ ഭരണാധികാരി സ്വീകരിക്കാറുള്ള നികുതിവിഹിതം ശൈഖ് തടയുവാൻ പാടില്ല.

ഒന്നാമത്തെ നിബന്ധനയെക്കുറിച്ച് ശൈഖ് ഇ പ്രകാരം പ്രതികരിച്ചു: 'താങ്കളുടെ കൈ നീട്ടിയാലും, ഞാൻ താങ്കൾക്ക് അനുസരണപ്രതിജ്ഞ(ബൈഅത്) ചെയ്യാം. രണ്ടാമത്തേതിനെക്കുറിച്ച് ശൈഖ് ഇപ്രകാരം പ്രതികരിച്ചു: 'ഒരുവേള താങ്കൾക്ക് അല്ലാഹു ﷻ വിജയങ്ങൾ നൽകിയേക്കും. അപ്പോൾ ദർഇയ്യാ

[1] അൽമൗസൂഅത്തുൽ മുയസ്സറ...1: 164,165

നിവാസികളിൽ നിന്നും ഇപ്പോൾ സ്വീകരിക്കുന്ന തിനേക്കാൾ ഖയ്റായ സമ്പത്തുക്കൾ അല്ലാഹു ﷻ പകരം നൽകുന്നതാണ്".

ശൈഖും അമീറും തങ്ങളുടെ പ്രബോധന പ്രവർത്തനങ്ങൾ നജ്ദിൽ ശക്തിയായി തുടർന്നു അമീറിൻെറ മരണശേഷം പുത്രൻ അബ്ദുൽഅസീസ് ഇബ്നു മുഹമ്മദ് പിതാവിൻെറ വഴിയെ ശൈഖിനെ ശക്തിപ്പെടുത്തുവാനും ദഅ്വത്ത് നടത്തുവാനും അദ്ദേഹത്തോടൊപ്പം നിലകൊണ്ടു.

തൗഹീദ് മനസ്സിലാക്കുന്നതിലും സാക്ഷാൽകരി ക്കുന്നതിലും തൗഹീദിന് പൊരുത്തപ്പെടാത്ത കാര്യങ്ങ ൾ ഗ്രഹിക്കുന്നതിലും വലിയകഴിവ് നൽകപ്പെട്ട വ്യക്തിത്വമായിരുന്നു ശൈഖ് മുഹമ്മദ് ഇബ്നു അബ്ദിൽ വഹ്ഹാബ് رحمه الله. അതിനാൽ തന്നെ തൻെറ നാടിനേയും ജനതയേയും ഗ്രസിച്ച വിശ്വാസവൈ കല്യങ്ങൾ അറിഞ്ഞുമനസ്സിലാക്കിയ അദ്ദേഹം ഉണർന്നുപ്രവർത്തിച്ചു. ശിർക്കിനെതിരിൽ അക്ഷീണ അവിശ്രമ പരിശ്രമം നടത്തിയ അദ്ദേഹം അറേബ്യ യുടെ ചരിത്രം തിരുത്തി തൗഹീദിൻെറ ചരിത്രമാക്കി. അറേബ്യക്കപ്പുറം ഇന്ത്യ, ഇറാക്വ്, ഈജിപ്ത്, സിറിയ, പശ്ചിമാഫ്രിക്കൻ നാടുകൾ തുടങ്ങി ദ്വിഗന്ദങ്ങളി ലേക്കെന്നപോലെ അദ്ദേഹത്തിൻെറ ദഅ്വത്ത് വ്യാപിച്ചു. ശൈഖ് അബ്ദുൽ അസീസ് ഇബ്നുബാസ് رحمه الله ശൈഖിൻെറ പ്രബോധന മേഖല ചുരുക്കി വിവരിച്ചത് ഇപ്രകാരമാണ്: നിശ്ചയം ഇമാം മുഹമ്മദ് ഇബ്നു അബ്ദിൽ വഹ്ഹാബ്, അല്ലാഹു ﷻവിൻെറ ദീനിനെ ലോകർക്ക് വെളിപ്പെടു ത്തി ക്കാണിക്കുവാനും, തൗഹീദിലേക്ക് ജനങ്ങളെ ക്ഷണിക്കുവാനും ജനങ്ങൾ എത്തിപ്പെട്ട ബിദ്അത്തുക ളേയും ഖുറാഫാത്തുകളേയും എതിർക്കുവാനുമാണ് പ്രബോധകനായി എഴുന്നേറ്റുനിന്നത്. അദ്ദേഹം സത്യം ജനങ്ങളെ അംഗീകരിപ്പിക്കുകയും ബാത്വിലിൽ നിന്ന് അവരെ അകറ്റുകയും ചെയ്തു. അപ്രകാരം അദ്ദേഹം നന്മകൽപ്പിക്കുകയും തിന്മവിരോധിക്കു കയും ചെയ്തു.[2]

കറകളഞ്ഞ തൗഹീദ് പ്രബോധനം നടത്തുക, വിശുദ്ധക്വുർആനിലേക്കും തിരുസുന്നത്തിലേക്കും മടങ്ങുക, അഹ്ലുസുന്നത്തിൻെറ ആദർശത്തിൽ നിന്നും കാല ചംക്രമണത്തിൽ തേഞ്ഞുമാഞ്ഞുപോയ ആശയാദർശങ്ങളെ പുനരുജ്ജീവിപ്പിക്കുക,... തുടങ്ങിയ മഹത്തായകാര്യങ്ങൾ ദഅ്വത് നടത്തിയ ശൈഖിൻെറ പ്രബോധന പ്രവർത്തനത്തെ വഹ്ഹാ ബിയ്യത് (വഹാബിസം) എന്നാണ് ശത്രുക്കൾ തെറ്റായി വിളിച്ചത്. വഹ്ഹാബിയ്യത്(വഹാബിസം) എന്നത് ശത്രുക്കളുടെ തെറ്റായ നാമകരണമാണ്. ശൈഖ് പ്രസ്തുത പേരിൽ പുതിയ ഒരു പാർട്ടിയുണ്ടാക്കി അതിലേക്ക് ആളുകളെ സംഘടിപ്പിക്കുകയായിരുന്നി ല്ല. അല്ലാഹു ﷻ വിശുദ്ധക്വുർആനിൽ വിവരിച്ച സ ച്ചരിതരായ പൂർവ്വികരുടെവഴിയിൽചലിച്ച മഹാന്മാ രിൽ ഒരാളായിരുന്നു ശൈഖ് മുഹമ്മദ് ഇബ്നു അബ്ദിൽ വഹ്ഹാബ് എന്ന യഥാർത്ഥ്യമാണ് അദ്ദേഹത്തിൻെറ ചരിത്രം നമ്മെ അറിയിക്കുന്നത്. നമുക്കുള്ള സച്ചരിതരായ പൂർവ്വികരെക്കുറിച്ച് അല്ലാഹു ﷻപറയുന്നു:

(وَالسَّابِقُونَ الأَوَّلُونَ مِنَ الْمُهَاجِرِينَ وَالأَنصَارِ وَالَّذِينَ اتَّبَعُوهُم بِإِحْسَانٍ رَّضِيَ اللّه عَنْهُمْ وَرَضُواْ عَنْهُ وَأَعَدَّ لَهُمْ جَنَّاتٍ تَجْرِي تَحْتَهَا الأَنْهَارُ خَالِدِينَ فِيهَا أَبَدًا ذَلِكَ الْفَوْزُ الْعَظِيمُ )

[2] ഇമാം മുഹമ്മദ് ഇബ്നു അബ്ദിൽ വഹ്ഹാബ് ദഅ്വതുഹു വസീറതുഹു, ഇബ്നുബാസ് പേ:49

(മുഹാജിറുകളിൽ നിന്നും അൻസ്വാരികളിൽ നിന്നും ആദ്യമായി മുന്നോട്ടുവന്നവരും, സുകൃതം ചെയ്തു കൊണ്ട് അവരെ പിന്തുടർന്നവരും ആരോ അവരെ പ്പറ്റി അല്ലാഹു സംതൃപ്തനായിരിക്കുന്നു. അവനെപ്പറ്റി അവരും സംതൃപ്തരായിരിക്കന്നു. താഴ്ഭാഗത്ത് അരുവികൾ ഒഴുകുന്ന സ്വർഗ്ഗത്തോപ്പുകൾ അവർക്ക് അവൻ ഒരുക്കി വെക്കുകയും ചെയ്തിരിക്കുന്നു. എന്നെന്നും അവരതിൽ നിത്യവാസികളായിരിക്കും. അതത്രെ മഹത്തായഭാഗ്യം.) (വി. ക്വു. 9:100)

മുഹാജിറുകളുടേയും അൻസ്വാരികളുടേയും സുകൃതംചെയ്തുകൊണ്ട് അവരുടെവഴിയിൽ ചലിച്ച മഹാന്മാരുടേയും പാതയിലാണ് താനെന്ന് അദ്ദേഹം അഭിമാനത്തോടെ പ്രഖ്യാപിക്കുമായിരുന്നു. പ്രമുഖ ഇറാക്വി പണ്ഢിതനായ അബ്ദുർറഹ്മാൻ ഇബ്നു അബ്ദുല്ലാ അൽ സുവൈദി, ശൈഖ് മുഹമ്മദ് ഇബ്നു അബ്ദിൽ വഹ്ഹാബ് തന്നോട് ഉണർത്തിയ തായി പറയുന്നു: "താങ്കളോട് ഞാൻ ഉണർത്തട്ടെ, ഞാൻ സുന്നത്തിനെ പിൻ പറ്റുന്നവനാണ്. ഒരിക്കലും മുബ്തദിഅ്(ദീനിൽ പുതുതായി നിർമ്മിക്കുന്നവൻ) അല്ല. ഞാൻ അല്ലാഹുﷻവിന് സമർപ്പിക്കുന്ന എൻെറ ആദർശവും അക്വീദയും അഹ്ലുസുന്നത്തി വൽജമാ അത്തിൻെറ സരണിയനുസരിച്ചാണ്. ആ സരണിയിലാ ണെല്ലോ പണ്ഢിതശ്രേഷ്ഠരും നാലുമദ്ഹബീ ഇമാമുമാരെപ്പോലുള്ള നേതൃത്വവും; അവരുടെ പിൻമുറക്കാർ ക്വിയാമത്ത് നാൾവരേക്കും. പക്ഷേ ഞാൻ കീഴ്വണക്കം അല്ലാഹുﷻവിനുമാത്ര മാക്കുന്ന തിനെ ജനങ്ങൾക്ക് വിശദീകരിച്ചുകൊടുത്തു. സ്വാലിഹീങ്ങളിൽനിന്നും മറ്റും ജീവിച്ചിരുന്നവരോടും മരണപ്പെട്ടവരോടും അവർ ദുആയിരക്കുന്നതിനെ തടഞ്ഞു. അറവ്, നേർച്ച, തവക്കുൽ, സുജൂദ് തുടങ്ങി അല്ലാഹു ﷻവിനുമാത്രം നൽകേണ്ട ആരാധനകളിൽ അവർ പങ്കു ചേർക്കുന്നതിനേയും ഞാൻ എതിർത്തു. അവയെല്ലാം അല്ലാഹുﷻവിനുമാത്രം അർഹമായതും നിയോഗിച്ചയച്ച ഒരു നബിയേയോ സാമീപ്യം സിദ്ധിച്ച ഒരു മലക്കിനേയോ പോലും തൽവിഷയത്തിൽ അല്ലാഹുﷻ പങ്കുചേർക്കുകയില്ലാത്തതുമാണ്. മുഴുവൻ പ്രവാചകന്മാരും പ്രബോധനം ചെയ്തതും അഹ്ലുസ്സുന്നത്തി വൽജമാഅത്ത് നിലകൊള്ളുന്നതും പ്രസ്തുത ആദർശത്തിലത്രെ."[3]

**നേട്ടങ്ങൾ:**[4]

ശൈഖ് മുഹമ്മദ് ഇബ്നു അബ്ദിൽ വഹ്ഹാബ് رحمه الله യുടെ പ്രബോധന പ്രവർത്തനങ്ങൾക്ക് ദൂരവ്യാപകമായ നേട്ടങ്ങളും ജീവിതത്തിൻെറ നാനാതുറകളേയും സ്പർശിക്കുന്ന രീതിയിലുള്ള സ്വാധീനങ്ങളും ഉണ്ടായിട്ടുണ്ടെന്നത് പച്ചയായ യാഥാർത്ഥ്യമാണെല്ലോ. പ്രാധാന്യ പൂർവ്വം പണ്ഡിതർ എണ്ണിപ്പറഞ്ഞ ഏതാനും വിഷയങ്ങൾ ഇവിടെ ചേർക്കുന്നു.

1. നജ്ദിൽ വ്യാപകമായിരുന്ന ക്വബ്ർ പൂജ, മരങ്ങളിൽനിന്നും മറ്റു സൃഷ്ടികളിൽ നിന്നും ബർക്കത്തെടുക്കൽ, തുടങ്ങിയ ശിർക്കൻ

[3] അൽ മുനാവിഊൻ ലി ദഅ്വത്തിശെയ്ഖ്..., അബ്ദു ൽ അസീസ് അൽ അബ്ദുല്ലത്വീഫ് 1: 22

[4] പ്രസ്തുത വിഷയം ശെയ്ഖ് സ്വാലിഹ് അൽഫൗസാൻെറ 'മിൻ മശാഹീരിൽ മുജദ്ദിദീന ഫിൽ ഇസ്ലാം' എന്ന ഗ്രന്ഥത്തി ൽനിന്നും, ശെയ്ഖ് സുലയ്മാൻഇബ്നു അബ്ദിർറഹ്മാൻ അൽഹുക്വയ്ലിൻെറ 'ഹയാതു ശെ യ്ഖ് മുഹമ്മദ്......'എന്ന ഗ്രന്ഥത്തിൽ നിന്നും സാംക്ഷീകരിച്ചതാണ്.

പ്രവൃർത്തികളേയും കൊടിയ ബിദ്അത്തുകളേ യും ഖുറാഫാത്തുകളേയും അദ്ദേഹത്തിൻെറ ദഅ്വത്ത് അല്ലാഹുﷻവിൻെറ അനുഗ്രഹത്താൽ തുടച്ചുനീക്കി.

2. പരസ്പരം കലഹിച്ചിരുന്ന പ്രാദേശിക ഭരണ ങ്ങൾക്ക് വിരാമമിട്ട് ഒരു ഇസ്ലാമിക രാഷ്ട്രം നിലവിൽവന്നു.
3. അകത്തും പുറത്തും ഒരു പോലെ പിഴച്ചുപോയി രുന്ന വിശ്വാസാചാരങ്ങളെ തിരുത്തി. ജനങ്ങൾ എത്തിപ്പെട്ട ബിദ്അത്തുകളിൽ നിന്നും ഖുറാഫാ ത്തുകളിൽനിന്നും ബാത്വിലുകളിൽ നിന്നും അവരെ അകറ്റി. നന്മ കൽപ്പിക്കലും തിന്മ വിരോധിക്കലും പ്രാവർത്തികമായി തെളിയിച്ചു.
4. സിറിയ, ഈജിപ്ത്, മൊറോക്കോ, ആഫ്രിക്കാ, സുഡാൻ, യമൻ, ഇറാക്വ്, ഇൻഡ്യ, പാകിസ്താ ൻ, ഇൻഡോനേഷ്യ,......തുടങ്ങിയ നാടുകളി ലെല്ലാം ഈ ദഅ്വത്തിൻെറ സ്വാധീനം വ്യാപിച്ചു
5. അന്ധമായ അനുകരണം വൈജ്ഞാനിക ചല നങ്ങൾക്ക് വഴിമാറി. പള്ളികളും, പാഠശാലക ളും, യൂനിവേഴ്സിറ്റികളും നിർമ്മിക്കപ്പെടുകയും ലോകത്തിന് മാർഗ്ഗദർശികളായ പണ്ഡിതരും പ്രബോധകരും വാർത്തെടുക്കപ്പെടുകയുമു ണ്ടായി.
6. ഗ്രന്ഥരചനയും പ്രസിദ്ധീകരണരംഗവും സജീ വമായി.

വിനയത്തിൻെറ നിറകുടമായിരുന്നു അദ്ദേഹം. സത്യം തുറന്നുപറയുന്ന വിഷയത്തിൽ അദ്ദേഹം ഒരു ആക്ഷേപകൻെറ ആക്ഷേപവും ഭയന്നിരിന്നു മില്ല. അദ്ദേഹത്തിൻെറ സദസ്സുകൾ മുഴുവനും വിജ്ഞാനത്തിൻേറതായിരുന്നു. ധാരാളം പണ്ഡിത രേയും ക്വാദിമാരേയും തലയെടുപ്പുള്ള നേതാക്ക ളേയും അദ്ദേഹം വാർത്തെടുത്തു. അനുഗ്രഹീത മായ ഒരു തൂലികയുടെ ഉടമയായിരുന്നു അദ്ദേഹം. അടിസ്ഥാന വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന ധാരാളം ഗ്രന്ഥങ്ങളും ലഘുരചനകളും അദ്ദേഹം അനന്തരമാക്കിയിട്ടുണ്ട്. റിയാദിലെ ജാമിഅതുൽ ഇമാം യൂനിവേഴ്സിറ്റി ശെയ്ഖിൻെറ ഗ്രന്ഥങ്ങളും ലഘു രചനകളും ഒമ്പതുവാല്യങ്ങളിലായി പ്രസിദ്ധീകരിച്ചിട്ടുണ്ട്.

**ഗ്രന്ഥങ്ങൾ:**

1. കിതാബുത്തൗഹീദ്
2. കശ്ഫുശ്ശുബ്ഹാത്തി ഫിത്തൗഹീദ്.
3. അൽ ഉസൂലു ഥ്ഥലാഥ വ അദില്ലതുഹാ
4. ഉസ്വൂലുൽ ഈമാൻ
5. തഫ്സീറുൽ ഫാതിഹ
6. അൽമസാഇലുല്ലതീ ഖാലഫ ഫീഹാ റസൂലു ല്ലാഹ് അഹ്ലൽ ജാഹിലിയ്യ.
7. മുഖ്തസ്വറു സീറത്തിന്നബവിയ്യ.
8. മുഫീദുൽമുസ്തഫീദ് ഫീകുഫ്രി താരികിത്തൗഹീദ്
9. മുഖ്തസ്വറു സാദുൽമആദ്
10. ഫദാഇലു സ്സ്വലാത്ത്
11. ആദാബുൽ മശ്യി ഇലസ്സ്വലാത്ത്
12. ഹാദിഹീ അക്വീദതീ
13. കിതാബുൽ ഇസ്തിൻബാത്വ്
14. മുഖ്തസ്വറു ഫത്ഹിൽ ബാരി
15. ഫദ്ലുൽ ഇസ്ലാം

16. മുഖ്തസ്വറു ശ്ശറഹിൽ കബീർ വൽ ഇൻസ്വഫ്
17. അൽ ഹദ്‌യുന്നബവി
18. മജ്മൂഉൽ ഹദീഥ് അലാഅബ്‌വാബിൽ ഫിക്വ്ഹ്
19. അൽ ക്വവാഇദുൽ അർബഅഃ
20. നവാക്വിദുൽ ഇസ്‌ലാം
21. മഅ്നാ ലാഇലാഹ ഇല്ലല്ലാഹ്

**മരണം:**

ഹിജ്റ വർഷം 1206–ൽ റിയാദിലെ ദർഇയ്യ യിൽ അദ്ദേഹം മരണപ്പെട്ടു. അന്ന് അദ്ദേഹത്തിന് 92– വയസ്സായിരുന്നു. ദർഇയ്യയിൽ തന്നെ അദ്ദേഹം മറമാടപ്പെട്ടു. അല്ലാഹു ﷻ അദ്ദേഹത്തിന് മഗ്ഫിറതും മർഹമ തും പ്രദാനം ചെയ്യുമാറാകട്ടേ......

## ശൈഖ് മുഹമ്മദ് ഇബ്നു അബ്ദുൽ വഹ്ഹാബ് رحمه الله യുടെ ആദർശം

അദ്ദേഹം പറഞ്ഞു:[5] അല്ലാഹു ﷻ വിനേയും പിന്നെ എൻെറയടുക്കൽ സന്നിഹിതരായ മലക്കുകളേ യും നിങ്ങളേയും സാക്ഷികളാക്കി ഞാൻ പ്രഖ്യാപിക്കുന്നു: വിജയത്തിൻെറ കക്ഷിയായ അഹ്‌ലുസുന്നത്തി വൽജമാഅത്തിൻെറ[6] അക്വീദയിലാണ് ഞാൻ വിശ്വസിക്കുന്നത്.

പ്രസ്തുത വിശ്വാസകാര്യങ്ങൾ:

- അല്ലാഹു ﷻ വിലുള്ള വിശ്വാസം
- മലക്കുകളി عليهم السلام ലുള്ള വിശ്വാസം.
- കിതാബുകളിലുള്ള വിശ്വാസം.
- അമ്പിയാ-മുർസലീങ്ങളി عليهم السلام ലുള്ള വിശ്വാസം.
- മരണാനന്തര ജീവിതത്തിലുള്ള വിശ്വാസം.
- ക്വദാ-ക്വദ്റിലുള്ള വിശ്വാസം

[5] തികഞ്ഞ മുവഹ്ഹിദും വിരക്തനും ഋജുമാർഗ്ഗിയും ഇസ്‌ലാമിക പ്രബോധനത്തിൻെറ മുജദ്ദിദും സ്വിദ്ദീക്വും പണ്ഡിതനുമായ ശൈഖ് മുഹമ്മദ് ഇബ്നു അബ്ദുൽ വഹ്ഹാബ്, സഊദീ അറേബ്യയിലെ ക്വസീം നിവാസികൾ അദ്ദേഹത്തിൻെറ അക്വീദയെ(വിശ്വാസം)ക്കുറിച്ച് ചോദിച്ചപ്പോൾ അത് വിശദീകരിക്കുകയാണ് ഈ കുറിപ്പിലൂടെ. (അദ്ദുററു സ്സനിയ്യ 1:28-30)

[6] സുന്നത്ത് മുറുകെപ്പിടിക്കുകയും സുന്നത്തിൽ ഒരുമിച്ചു കൂടുകയും ചെയ്തവരാണ് അഹ്‌ലുസുന്നത്തി വൽജമാഅഃ (അവരുടെ വിശേഷണം തന്നെയാണ് 'അത്ത്വാഇഫത്തുൽമൻസൂറ'യും 'അൽഫിർക്വത്തുന്നാജിയ'യും) സർവ്വ സ്വഹാബികളും, താബിഈങ്ങളും, അവരെ പിൻതുടർന്ന സന്മാർഗ്ഗികളായ അഇമ്മത്തുകളുമാണ് അഹ്‌ലുസു ന്നത്തിവൽജമാഅഃയാകുന്ന സലഫുകൾ. അക്വീദയിലും വാക്കിലും പ്രവർത്തനത്തിലും ഈ സലഫുകളുടെ വഴിയെ ക്വിയാമത്ത് നാൾവരെ പ്രവേശിച്ച വരും അഹ്‌ലു സുന്നത്തിവൽജമാഅഃയാകുന്നു.

## സിഫാതുല്ലാഹിﷻയിലുള്ള വിശ്വാസം.

അല്ലാഹുﷻ സ്വന്തത്തെ വിശുദ്ധഖുർആനിലൂടേ യും പ്രവാചകൻﷺയുടെ ചര്യയിലൂടേയും വിശേഷിപ്പി ച്ചതിൽ ഞാൻ വിശ്വസിക്കുന്നു. പ്രസ്തുത വിശേഷ ണങ്ങളെ നിഷേധിക്കുകയോ മാറ്റിമറിക്കുകയോ ചെയ്യുന്നില്ല. അപ്രകാരം അല്ലാഹുﷻവിന് തുല്യമായി യാതൊന്നുമില്ലെന്നും അവൻ സസൂക്ഷ്മം കേൾ ക്കുന്നവനും കാണുന്നവനുമാണെന്നും ഞാൻ വിശ്വസിക്കുന്നു.

അല്ലാഹുﷻ സ്വന്തത്തെ വിശേഷിപ്പിച്ചത് ഞാൻ നിഷേധിക്കുകയോ, വചനങ്ങൾ അതിൻെറ സ്ഥാന ങ്ങളിൽ നിന്ന് മാറ്റിമറിക്കുകയോ ഇല്ല. അല്ലാഹുﷻ വിൻെറ നാമങ്ങളേയും വചനങ്ങളേയും ഞാൻ നിഷേധിക്കുകയോ അവൻെറ നാമങ്ങൾക്കും വിശേഷണങ്ങൾക്കും രൂപകൽപന നൽകുകയോ ഇല്ല. ഞാൻ അവൻെറ വിശേഷണങ്ങളെ സൃഷ്ടിക ളുടെ വിശേഷണങ്ങളുമായി സാദൃശ്യപ്പെടുത്തുകയോ ചെയ്യില്ല. കാരണം അല്ലാഹുﷻ ക്ക് പേരൊത്തതോ, തുല്യനോ, സമാനമായവനോ ഇല്ല തന്നെ. അവൻ തൻെറ സൃഷ്ടികളോട് ഖിയാസിന് വിധേയമാക്ക പ്പെടാവതുമല്ല. അല്ലാഹുﷻ, തന്നെക്കുറിച്ചും താനല്ലാ ത്തവരെക്കുറിച്ചും സൂക്ഷ്മജ്ഞാനിയാണ്. അവൻ ഏറ്റവും സത്യസന്ധമായി വിവരം നൽകുന്നവനും, ഏറ്റവും നല്ലത് സംസാരിക്കുന്നവനുമാണ്. നി ഷേധികളും വ്യതിചലിച്ചവരും[7] അല്ലാഹുﷻവിനെ കോലപ്പെടുത്തുകയും ഉപമിക്കുകയും അവൻ

---

[7] അഹ്ലുത്തഹ്രീഫ് (തഹ്രീഫിൻെറ ആളുകൾ), അഹ്ലു ത്തക്യീഫ്(തക്യീഫിൻെറ ആളുകൾ), അഹ്ലുത്തഅ്വീ ൽ(തഅ്വീലിൻെറ ആളുകൾ), അഹ്ലുത്തഅ്ത്വീൽ(തഅ് ത്വീലിൻെറ ആളുകൾ), അഹ്ലുതംഥീൽ(തംഥീലിൻെറ ആ ളുകൾ) അഹ്ലുത്തഫ്വീദ് (തഫ്വീദിൻെറ ആളുകൾ) തുടങ്ങിയവരാണ് പ്രസ്തുത വ്യതിചലിച്ചകക്ഷികൾ. അവരെ ക്കുറിച്ച് ചുരുങ്ങിയരീതിയിൽ താഴെക്കൊടുക്കുന്നു:

**അഹ്ലുത്തഹ്രീഫ്:** പദവും ആശയവും മാറ്റുന്നതിനാണ് 'തഹ്രീഫ്' എന്ന് പറയുന്നത്. അല്ലാഹുﷻവിൻെറ നാമ വിശേഷണങ്ങളെ വിളിച്ചറിയിക്കുന്ന പ്രമാണങ്ങൾ പദപരമാ യും ആശയപരമായും മാറ്റിതിരുത്തി സ്വന്തം ആ ശയങ്ങൾ പടച്ചവരാണ് അഹ്ലുത്തഹ്രീഫ്.

**അഹ്ലുത്തക്യീഫ്:** വിശേഷണങ്ങളുടെ കോലം പറയലാണ് 'തക്യീഫ്'. അല്ലാഹുﷻവിൻെറ 'ഇറങ്ങുക' (നുസൂൽ)എന്ന വിശേഷണത്തെ ഇന്ന കോലത്തിലെന്ന് അവതരിപ്പിക്കുക. ഇങ്ങനെ ചെയ്യലും തെറ്റാണ്. ഇങ്ങനെ ചെയ്യുന്നവരാണ് അഹ്ലുത്തക്യീഫ്.

**അഹ്ലുത്തഅ്വീൽ:** പ്രമാണങ്ങളുടെ പിൻബലമില്ലാതെ വ്യാഖ്യാനക്കസർത്ത് നടത്തുന്നതിനെയാണ് തഅ്വീൽ കൊണ്ട് ഉദ്ദേശിക്കുന്നത്. അല്ലാഹുﷻയുടെ നാമവിശേഷണങ്ങളിൽ നടത്തുന്ന കോട്ടിമാട്ടലോടുകൂടിയ ദുർവ്യാഖ്യാനക്കാരെയാണ് അഹ്ലുത്തഅ്വീൽ എന്നു പറയുന്നത്.

**അഹ്ലുത്തഅ്ത്വിൽ:** അല്ലാഹുﷻ തനിക്ക് സ്ഥിരീകരിച്ച നാമവിശേഷണങ്ങളെ പൂർണ്ണമായോ ഭാഗികമായോ നി ഷേധിക്കുന്നതിനും ഉപേക്ഷിക്കുന്നതിനുമാണ് 'തഅ്ത്വീൽ' എന്നുപറയുന്നത്. ഇങ്ങനെ ചെയ്യുന്നവരാണ് അ ഹ്ലുത്തഅ്ത്വീൽ.

**അഹ്ലുത്തംഥീൽ:** അല്ലാഹുﷻയുടെ ദാത്തിലും സ്വിഫാ ത്തുകളിലും അവൻെറ സൃഷ്ടികളിൽ അവന് തുല്യനെ പറയലാണ് 'തംഥീൽ'. ഇതിന് 'തെശ്ബീഹ്' എന്നും പറയപ്പെടാറുണ്ട്. പക്ഷെ, 'തംഥീൽ' എന്നപ്രയോഗമാണ് അവരുടെ വ്യതിയാന പ്രവർത്തനങ്ങൾക്ക് കൂടുതൽ യോജിച്ചത്. അല്ലാഹുﷻവിന് തുല്യനെ പറയുന്നവരാണ് അഹ്ലുത്തംഥീൽ(അഹ്ലുത്തശ്ബീഹ്).

**അഹ്ലുത്തഫ്വീദ്:** അല്ലാഹുﷻ തനിക്ക് സ്ഥിരീകരിച്ച വിശേഷണങ്ങളുടെ അർത്ഥവും(മഅ്നാ) കോലവും (കയ്ഫി യ്യത്) രണ്ടും ഒരുപോലെ അല്ലാഹുﷻവിലേക്ക് ഏൽപ്പി ക്കുന്നവരാണ് അഹ്ലുത്തഫ്വീദ്. യഥാർത്ഥത്തിൽ ഈരീതി അഹ്ലുസുന്നത്തിൻേറതല്ല. കാരണം അഹ്ലു

തനിക്ക് സ്ഥിരപ്പെടുത്തിയ നാമവിശേഷണങ്ങളെ നിഷേധിക്കുകയും ചെയ്യുന്നതിൽ നിന്ന് അല്ലാഹുﷻ, തന്നെ പരിശുദ്ധപ്പെടു ത്തിയിരിക്കുന്നു. അല്ലാഹുﷻ പറയുന്നു:

سُبْحَانَ رَبِّكَ رَبِّ الْعِزَّةِ عَمَّا يَصِفُونَ۞وَسَلَامٌ عَلَى الْمُرْسَلِينَ۞وَالْحَمْدُ لِلَّهِ رَبِّ الْعَالَمِينَ

"പ്രതാപത്തിന്റെ നാഥനായ നിന്റെ രക്ഷിതാവ് അവർ ചമച്ചു പറയുന്നതിൽ നിന്നെല്ലാം എത്രപരിശു ദ്ധൻ! ദൂതന്മാർക്ക് സമാധാനം ലോകരക്ഷിതാവായ അല്ലാഹു വിന്സ്തുതി." (വി.ക്വു.37:180,182)

**ഫിർക്വത്തുന്നാജിയയെക്കുറിച്ചുള്ള വിശ്വാസം**[8]

അവർ(ഫിർക്വത്തുന്നാജിയ) അല്ലാഹുﷻവിന്റെ അഫ്ആലുകളിൽ(പ്രവൃത്തികൾ) ക്വദ്രിയത്തിന്റേയും[9] ജബ്രിയത്തിന്റേയും[10] നിലപാടുകൾക്ക് മധ്യേയാണ്.

---

സുന്നഃ, മഅ്നാ(അർത്ഥം) സ്ഥിരപ്പെടുത്തുകയും കയ്ഫിയ്യത്(കോലം) അല്ലാഹുﷻവിലേക്ക് ഏൽപ്പിക്കുകയും (തഫ്വീദ്) ചെയ്യുന്ന വരാണ്. അല്ലാഹുﷻവിന്റെവിശേഷണങ്ങളുടെ അർത്ഥവും കോലവും രണ്ടും ഒരുപോലെ അല്ലാഹുﷻവിലേക്ക് തഫ്വീദു ചെയ്യൽ ഏറ്റവുംമോശമായ ബിദ്ഈ വർത്തമാനമാണെന്ന് ശെയ്ഖുൽ ഇസ്‌ലാം ഇബ്നുതയ്മിയ്യ رحمه الله യെപ്പോലുള്ളവർ അഭിപ്രായപ്പെട്ടിരിക്കുന്നു.

[8] മുസ്‌ലിംസമൂഹം കക്ഷികളായി പിരിയുന്നതിനെക്കുറിച്ച് പ്രവാചകൻﷺ പറഞ്ഞു: "എന്റെ സമുദായം എഴുപത്തിരണ്ട് കക്ഷികളായി പിരിയും. അവയെല്ലാം നരകത്തിലാണ് ഒന്നൊഴികെ, അതത്രെ അൽജാമാഅ" (അനസ് رضي الله عنهവിൽ നിന്ന് ഇമാം ഇബ്നുമാജയും ഇബ്നു അബി ആസിമും റിപ്പോർട്ട് ചെയ്യുന്ന ഹദീസിൽ) ഈവിജയത്തിന്റെ ഏകകക്ഷിയെയാണ് 'ഫിർക്വത്തുന്നാജിയ' കൊണ്ട് ഉദ്ദേശിക്കപ്പെടുന്നത് എന്നുവന്നിട്ടുണ്ട്.

[9] **ക്വദ്രിയ്യ**: ഇസ്‌ലാമിലേക്ക് ചേർത്ത് പറയപ്പെടുന്ന ഒരു ചിന്താപ്രസ്ഥാനമാണ് ക്വദ്രിയ്യ. ഇസ്‌ലാം വിഭാവനചെയ്യുന്ന യഥാർത്ഥ ക്വദ്റിലുള്ള(വിധിയിലുള്ള) വിശ്വാസത്തിൽ മാറ്റം വരുത്തി തെറ്റായ ആശയം പ്രചരിപ്പിക്കുന്നവരാണ് ഇവർ. അല്ലാഹുﷻവിന്റെ ഉദ്ദേശമോ വിധിയോ ഇല്ലെന്നും എല്ലാത്തിനേയും മുൻകടന്ന അല്ലാഹുﷻവിന്റെ അറിവിനേയും ഇവർ നിഷേധിക്കുകയും ചെയ്യുന്നു. സ്വഹാബികൾ ജീവിച്ചിരുന്ന കാലത്ത് തന്നെ ഈവിഭാഗം ഉടലെടുത്തു. അബ്ദുല്ലാഹ് ഇബ്നു അബ്ബാസ്رضي الله عنه, അബ്ദുല്ലാഹ് ഇബ്നു ഉമർرضي الله عنه, അബൂ ഹുറയ്റرضي الله عنه അനസ് ഇബ്നു മാലിക്رضي الله عنه, അബ്ദുല്ലാഹ് ഇബ്നു ആമിർرضي الله عنه തുടങ്ങിയ സ്വഹാബികൾ അവർക്കെതിരിൽ ശക്തമായി പൊരുതുകയും അവരുടെ പിഴച്ച ചിന്തകൾ ഉടച്ചുവാർക്കുകയും ചെയ്തു. അബ്ദുല്ലാഹ് ഇബ്നു ഉമർرضي الله عنه പറഞ്ഞു: "ഈ സമുദായത്തിലെ അഗ്നി ആരാധകരാണ് ക്വദ്രിയ്യാക്കൾ. അവർ രോഗികളായാൽ നിങ്ങൾ അവരെ സന്ദർശിക്കരുത്. അവർ മരിച്ചാൽ നിങ്ങൾ അവരുടെ ജനാസ സംസ്കാര ചടങ്ങിൽ സംബന്ധിക്കരുത്"

മനുഷ്യ പ്രവൃത്തികളിൽ നന്മമാത്രം അല്ലാഹുﷻ വിന്റെ സൃഷ്ടിയും തിന്മയെല്ലാം മനുഷ്യരുടെ സൃഷ്ടിയുമാണ് എന്നതാണ് ക്വദ്രിയാക്കളുടെ വിശ്വാസം. എന്നാൽ അഹ്ലുസു ന്നത്തിന്റെ വിശ്വാസപ്രകാരം നന്മയും തിന്മയും അല്ലാഹുﷻ വിൽ നിന്നാണ്. പക്ഷേ നന്മ സൃഷ്ടിച്ച അല്ലാഹുﷻ അടിയാറുകൾക്ക് ശറആക്കിയതും അവരിൽ നിന്ന് ഇഷ്ട പ്പെടുകയും ചെയ്യുന്നത് പ്രസ്തുത നന്മയാണ്. എന്നാൽ തിന്മ സൃഷ്ടിച്ചതും അല്ലാഹുﷻയാണ്. പക്ഷേ അത് അടിയാറുകൾ ക്ക് അല്ലാഹുﷻ ശറആക്കുകയോ അവരത് ചെയ്യുന്നത് തൃ പ്തിപ്പെടുകയോ ഇല്ല. കാലക്രമത്തിൽ ക്വദ്രിയ്യതും ജഹ്മിയ്യതും മുഅ്തസിലതും ആദർശത്തിൽ ഒന്നിക്കുക യാണുണ്ടായത്.

[10] **ജബ്രിയ്യ**: വചനശാസ്ത്ര ലോകത്ത് അറിയപ്പെട്ട വഴി പിഴച്ച ഒരു വിഭാഗമാണ് ജബ്രിയ്യ. അല്ലാഹുﷻ അടിമകളുടെ എല്ലാകർമ്മങ്ങളും സൃഷ്ടിക്കുകയും നന്മയായാലും തിന്മയായാ ലും

അല്ലാഹുﷻവിൻെറ വഊദിൻെറ(താക്കീതിൻെറ) വിഷയത്തിൽ അവർ മുർജിഅത്തിൻേറയും[11] വഊദിയ്യത്തിൻേറയും[12] മധ്യേയാണ്. വിശ്വാസത്തി ൻേറയും ദീനിൻേറയും വിഷയത്തിൽ അവർ ഹറൂറിയത്തിൻേറയും[13] മുഅ്ത സിലത്തിൻേറയും[14] ജഹ്മിയ്യത്തിൻേറയും[15] മുർജിഅത്തി ൻേറയും നിലപാടുകൾക്ക്

---

അവചെയ്യാൻ അടിമകളെ അവൻ ബലാൽകാരം ചെയ്തു നിർബന്ധിക്കുകയും അടിമകൾക്ക് യാതൊരു സ്വാതന്ത്ര്യവും ഇല്ലെന്നും അവർ വാദിച്ചു. എന്നാൽ അഹ്‌ലു സുന്നത്തിൻെറ വിശ്വാസം അല്ലാഹുﷻയാണ് പ്രവൃത്തികൾ പടച്ചത്, എന്നാൽ അവക്കുമുന്നിൽ അടിമക്ക് സ്വാതന്ത്ര്യവും ഉദ്ദേശവും ഇച്ഛാശക്തിയും നൽകിയിരിക്കുന്നു എന്നതാണ്. യഥാർത്ഥത്തിൽ ജബ്രിയ്യത് കൊണ്ടുനടന്ന ഈവാദം ജഹ്മി യ്യതിൻേറതായിരുന്നു. പിന്നീടത് സ്വൂഫികളിലേക്കും വചന ശാസ്ത്രത്തിൻെറ ആളുകളിലേക്കും (അഹ്‌ലുൽ കലാം) എത്തിപ്പെടുകയാണുണ്ടായത്.

[11] **മുർജിഅ:** ഇസ്‌ലാമിലേക്ക് ചേർക്കപ്പെടുന്ന മറ്റൊരു കക്ഷിയാണ് മുർജിഅ. 'ഈമാനി'(വിശ്വാസം)ൻെറ നിർവചനം നാവുകൊണ്ട് മൊഴിയുക, ഹൃദയംകൊണ്ട് സത്യപ്പെടുത്തുക എന്നതിൽ അവർ പരിമിതപ്പെടുത്തുകയും കർമ്മങ്ങൾ കൊണ്ട് വിശ്വാസത്തെ ശക്തിപ്പെടുത്തേണ്ട ഭാഗം ഒഴിവാക്കുകയും ചെയ്തു. ഒരാൾ ക്വൽബുകൊണ്ട് വിശ്വാസിയായാൽ പിന്നെ എന്തെല്ലാം പ്രവൃത്തികൾ ചെയ്താലും കുറ്റമില്ല എന്ന അപക ടകരമായ ധാരണയാണ് അവർ സമൂഹത്തിൽ വളർത്തിയത്. കർമ്മങ്ങളുടെ ഏറ്റക്കുറച്ചിലിനനുസരിച്ച് ഈമാനിനും ഏറ്റക്കുറവുണ്ടാകുമെന്ന അഹ്‌ലുസുന്നയുടെ വിശ്വാസം അവർ കാറ്റിൽ പറത്തി.

[12] **വഊദിയ്യ:** ഖവാരിജുകളിലും മുഅ്തസിലുകളിലും രൂപംകൊണ്ട ഒരു ഉപവിഭാഗമാണ് വഊദിയ്യ. പക്ഷേ രണ്ടുവിഭാഗത്തിൽനിന്നും രൂപംകൊണ്ട ഇവർക്ക് തങ്ങളുടെ മാതൃസംഘടനക്കനുസരിച്ച വാദഗതിയാണ് 'വഊദി' (താക്കീത്)ൻെറ വിഷയത്തിലുള്ളത്. ഖവാരിജുകളിലെ വഊദിയ്യ: വൻപാപം ചെയ്തവരെല്ലാം ദീനിൽനിന്ന് പുറത്തും അവർ പരലോകത്ത് നരകത്തിൽ നിത്യവാസികളാണെന്നും വാദിക്കുന്നു. മുഅ്തസിലിയത്തിലെ വഊദിയ്യ: ദുനിയാവിൽ വെച്ച് വൻപാപം ചെയ്തവരെല്ലാം ഇഹലോകത്ത് ഈമാനിൻേറയും കുഫ്റിൻേറയും ഇടയിൽ ഒരു സ്ഥാനത്ത് ആണെന്നും നാളെ പരലോകത്ത് നരകത്തിൽ നിത്യവാസി കളാണെന്നും ഇവർ വാദിക്കുന്നു. ഈ രണ്ട് വിഭാഗവും മുന്നറിയിപ്പു (വഊദു)മായി ബന്ധപ്പെട്ടുവന്ന ആയാത്തുകളെ തങ്ങളുടെ വാദത്തിനനുസരിച്ച് വ്യാഖ്യാനിക്കുകയും തീവ്രരാ കുകയും ചെയ്തതിനാൽ ഇവർക്ക് 'വഊദിയ്യ' എന്ന് പേരുവിളിക്കപ്പെട്ടു.

[13] **ഹറൂറിയ്യ:** അലിؓവിനും സ്വഹാബികൾؓക്കുമെതിരിൽ വിപ്ളവം നയിക്കുകയും, പൊട്ടിപുറപ്പെടുകയും ചെയ്ത വിഭാഗമാണല്ലോ ഖവാരിജുകൾ. സ്വഹാബികൾക്കെതിരിൽ ഇവർ ഇറാഖിലെ 'ഹറൂറാഅ്' എന്ന സ്ഥലത്ത് സംഗമിച്ച തിനാലാണ് ഇവർക്ക് 'ഹറൂറിയ്യ' എന്ന പേരു വന്നത്. ഒരാൾ വൻപാപം ചെയ്താൽ അയാൾ ദീനിൽ നിന്ന് പുറത്താണ് എന്നാണ് അവർ വാദിക്കുന്നത്. അതിനാൽതന്നെ അവർ, അലിؓ അടക്കമുള്ളമിക്ക സ്വഹാബികളേയും കാഫിറുകളാ ക്കുകയുണ്ടായി.

[14] **മുഅ്തസിലത്:** ഇസ്‌ലാമിലേക്ക് ചേർക്കപ്പെടുന്നഒരു ചിന്താപ്രസ്ഥാനമാണ് 'മുഅ്തസിലത്'. ഇസ്‌ലാമിക വിശ്വാസം മനസ്സിലാക്കുന്നതിൽ കേവലബുദ്ധിയെ അവർ അവലംബി ച്ചതിനാൽ അഹ്‌ലുസുന്നത്തിൻെറ വിശ്വാസ സംഹിതകളിൽ അവർ വ്യതിചലിക്കുവാൻ തുടങ്ങി. വൻപാപംചെയ്തുപോയ മുസ്‌ലിംകളെല്ലാം ഇഹലോകത്ത് ഈമാനിൻേറയും കുഫ്റിൻേറയും ഇടയിൽ ഒരു സ്ഥാനത്ത് ആണെന്നും അവർ നാളെ പരലോകത്ത് നരകത്തിൽ നിത്യവാസികളാണെന്നും അവർക്ക് ശഫാഅത്ത് ലഭിക്കില്ലെന്നും വാദിച്ചു കൊണ്ടായിരുന്നു മുഅ്തസിലികളുടെ തുടക്കം. പിന്നീട് അവർ ക്വദ്‌രിയ്യാക്കളെപ്പോലെ ക്വദ്റിനെ നിഷേധിച്ചു, മജൂസിക ളെപ്പോലെ മനുഷ്യനാണ് തൻെറ പ്രവൃത്തികളുടെ സൃഷ്ടാവ് എന്നുവാദിച്ചു, ജഹ്മികളെപ്പോലെ ക്വുർആൻ സൃഷ്ടിയാ ണെന്നുവാദിച്ചു, വിശ്വാസികൾ അന്ത്യനാളിൽ അല്ലാഹു ﷻയെ കാണുമെന്നയാഥാർത്ഥ്യം നിഷേധിച്ചു, അല്ലാഹു ﷻയുടെ ചില വിശേഷണങ്ങളെ അവർ വ്യാഖ്യാനിച്ചു, ബാക്കിയുള്ള വിശേഷണങ്ങളെ നിഷേധിക്കുകയും ചെയ്തു. കൂടാതെ

മധ്യേയാണ്. അല്ലാഹുﷻവിൻെറ റസൂൽﷺയുടെ സ്വഹാബികളുടെ വിഷയത്തിൽ അവർ റാഫിദുകളുടേയു[16] ഖവാരിജുകളുടേയും[17] നില പാടുകൾക്ക് മധ്യേയാണ്.

## വിശുദ്ധ ക്വുർആനിനെക്കുറിച്ചുള്ള വിശ്വാസം.

വിശുദ്ധക്വുർആൻ അല്ലാഹുﷻയുടെ കലാമാകു ന്നു. അവനിൽ നിന്ന് അവതീർണ്ണമാകുന്നു. അത് സൃ ഷ്ടിയല്ല.[18] അവനിൽനിന്ന് തുടങ്ങി അവനിലേക്ക്

---

മുഅ്തസിലികൾ ധാരാളം ബിദഈ ചിന്തകൾക്ക് ജന്മം നൽകുകയും പലകക്ഷികൾക്കും വഴിതെറ്റാൻ തങ്ങൾ വഴിമരുന്നാവുകയും ചെയ്തു.

15 **ജഹ്മിയ്യത്:** ഇസ്ലാമിലേക്ക് ചേർക്കപ്പെടുന്ന ഒരുചിന്താ പ്രസ്ഥാനമാണ് 'ജഹ്മിയ്യ'. അല്ലാഹുﷻവിൻെറ മുഴു നാമങ്ങളേയും വിശേഷണങ്ങളേയും അവർ നിഷേധി ച്ചു. അവയെല്ലാം കേവലം ആലങ്കാരികപ്രയോഗമാണെ ന്നവർ വാദിച്ചു. ക്വുർആൻ അല്ലാഹുﷻവിൻെറ സൃഷ്ടി യാണെന്നും, വിശ്വാസം കേവലം സത്യപ്പെടുത്തലും നാ വുകൊണ്ട് പറയലുമാണെന്നും അവർ വാദിച്ചു. ക്വബ്റി ലെ ശിക്ഷ, മീസാൻ, സ്വിറാത്ത്, അന്ത്യനാളിൽ അല്ലാഹു ﷻവിനെകാണൽ തുടങ്ങിയ വിശ്വാസകാര്യങ്ങളെല്ലാം അവർ നിഷേധിച്ചു. ജഹ്മ് ഇബ്നു സ്വഫ്വാൻ എന്ന വ്യക്തിയിലേക്കാണ് ഈ പ്രസ്ഥാനം ചേർക്കപ്പെടുന്ന ത്. മൂന്നാം നൂറ്റാണ്ടുമുതൽ ജഹ്മികളും മുഅ്തസിലി കളും തങ്ങളുടെ പിഴച്ചവിശ്വാസങ്ങളിൽ ഒന്നിച്ചുമുന്നേറി ക്കൊണ്ടിരുന്നു. ആയതിനാൽ സലഫുകളിൽ പലരും ജഹ്മികൾക്കും മുഅ്തസിലികൾക്കുമിടയിൽ വ്യത്യാസം കൽപ്പിക്കുന്നില്ല.

16 **റവാഫിദ്:** ശിയാവിഭാഗത്തിലെ ഒരു പ്രധാന കക്ഷിയാണ് റവാഫിദ്. പ്രവാചകൻﷺക്ക് ശേഷം ഇമാമത് നബികുടുംബ ത്തിന് മാത്രം അർഹമാണെന്നും അബൂബകർ‎ ഉമർ‎ ഉഥ്മാൻ‎ ഉൾപ്പെടെ മറ്റാർക്കും അത് അർഹമല്ലെന്നും ജൽപിക്കുന്നവരാണവർ. പ്രസ്തുത ഇമാമത് ദീനിൻെറ ഒരു സ്തംഭമായി നബിﷺ പഠിപ്പിച്ചതാണെന്നും നബിമാരെപ്പോലെ ശിആഇമാമുകളും മഅ്സൂമുകളാണെന്നും (പാപസുരക്ഷിതർ) അവർ വിശ്വസിക്കുന്നു. ഏതാനും സ്വഹാബികളൊഴിച്ച് ബാക്കിയുള്ളവരെല്ലാം ദീനിൽനിന്ന് പുറത്തുപോയി എന്ന വാദമാണ് സ്വഹാബികളെ കുറിച്ച് അവർ വിശ്വസിക്കുന്നതി ൽ ഗൗരവമേറിയത്.

17 **ഖവാരിജ്:** മുസ്ലിംകൾ ബൈഅത്തുചെയ്ത് അംഗീകരിച്ച ഭരണാധികാരികൾക്കെതിരിൽ വിപ്ളവം നയിക്കുകയും അനുസരണപ്രതിജ്ഞ പിൻവലിക്കുകയും ചെയ്യുന്നവരെല്ലാം ഖവാരിജുകളാണ്. വൻപാപം ചെയ്തുപോയ മുസ്ലിംകളെല്ലാം ദീനിൽനിന്ന് പുറത്തും അവർ നാളെ പരലോകത്ത് നരകത്തിൽ നിത്യവാസികളാണെന്നും അവർക്ക് ശഫാഅത്ത് ലഭിക്കി ല്ലെന്നും വാദിച്ചുകൊണ്ടായിരുന്നു അവരുടെ തുടക്കം. വൻപാപം ചെയ്തവരെല്ലാം കാഫിറാണ് എന്നതത്വം സ്വയംപടച്ച അവർ, സ്വഹാബികളിൽ വലിയ ഒരു വിഭാഗത്തെ കാഫിറുകളാക്കി. ജഹ്മികളെപ്പോലെ ക്വുർആൻ സൃഷ്ടി യാണെന്ന് അവർ വാദിച്ചു, വിശ്വാസികൾ അന്ത്യനാളിൽ അല്ലാഹുﷻയെ കാണുമെന്ന യാഥാർത്ഥ്യം അവർ നിഷേധിച്ചു, മുഅ്തസിലികളെപ്പോലെ അല്ലാഹുﷻയുടെ ചില വിശേഷണ ങ്ങളെ അവർ വ്യാഖ്യാനിച്ചു, ബാക്കിയുള്ള വിശേഷണങ്ങളെ നിഷേധിക്കുകയും ചെയ്തു. കൂടാതെ ഖവാരിജുകൾ ധാരാളം ബിദഈചിന്തകൾക്ക് -വിശിഷ്യാ 'ഖബർആഹാദ്' വിശ്വാസ കാര്യങ്ങളിൽ തെളിവാണോ എന്നവിഷയത്തിൽ- ജന്മംനൽകുക യും പലക ക്ഷികളും വഴിതെറ്റാൻ വഴിമരുന്നാവുകയും ചെയ്തു. പിൽകാലഅശ്അരികളും മാതുരീദീകളും വചന ശാസ്ത്രത്തിൻെറ ആളുകളും(അഹ്ലുൽകലാം) ഖവാരിജിൻെറ പല ആശയങ്ങളും കൊണ്ടുനടന്നിട്ടുണ്ട്. ഇസ്ലാമിൽ ആദ്യമായി രൂപംകൊണ്ട കക്ഷിയാണ് ഖവാരിജ്. അവർ പല ഉപവിഭാഗങ്ങളാണ്.

18 "കലാം" എന്നാൽ സംസാരം എന്നാണ് അർത്ഥം. വിശുദ്ധ ക്വുർആൻ അല്ലാഹുﷻവിൻെറ കലാമാണ്. അല്ലാഹുﷻ പറഞ്ഞു:

وَإِنْ أَحَدٌ مِّنَ الْمُشْرِكِينَ اسْتَجَارَكَ فَأَجِرْهُ حَتَّى يَسْمَعَ كَلاَمَ اللّهِ ثُمَّ أَبْلِغْهُ مَأْمَنَهُ ذَلِكَ بِأَنَّهُمْ قَوْمٌ لاَّ يَعْلَمُونَ

(ബഹുദൈവവിശ്വാസികളിൽപ്പെട്ട ആരെങ്കിലും താങ്കളുടെ അടുത്ത് അഭയംതേടി വന്നാൽ അല്ലാഹുവിൻെറ വചനം അവൻ കേട്ടുഗ്രഹിക്കുവാൻവേണ്ടി അവന് അഭയം നൽകുക. പിന്നീട്

മട ങ്ങും. അവൻ അതുകൊണ്ട് യഥാവിധം സംസാരിച്ചു. തൻെറ ദാസനും ദൂതനും വഹ്യിൻെറ കാവലാളും തൻേറയും തൻെറ അടിയാറുകളുടേയും ഇടയിൽ സന്ദേശവാഹകനുമായ മുഹമ്മദ് നബിﷺ യിൽ അവൻ അത് അവതരിപ്പിച്ചു.

## ക്വദാ=ക്വദ്റിലുള്ള വിശ്വാസം.

അല്ലാഹുﷻ താനുദ്ദേശിക്കുന്നത് പ്രവർത്തി ക്കുന്നവനാകുന്നു. അവൻെറ ഉദ്ദേശത്തിനനുസരിച്ച ല്ലാതെ തൻെറ ആധിപത്യത്തിലുള്ള പ്രപഞ്ചത്തിൽ ഒന്നുമുണ്ടാവില്ല, അവൻെറ ഉദ്ദേശത്തിൽ നിന്നും ഒരു കാര്യവും പുറത്തല്ല. ഈ പ്രപഞ്ചത്തിൽ അവൻെറ വിധിനിർണ്ണയത്തിൽ ഉൾപ്പെടാതെ പുറത്തുപോകു ന്നതായി ഒന്നുമില്ല. അവൻെറ നിയന്ത്രണത്തിൽ നിന്നല്ലാതെ ഒന്നും പുറപ്പെടില്ല. നിശ്ചയിക്കപ്പെട്ട വിധിയിൽനിന്നും ആരും തെന്നിമാറി രക്ഷപ്പെടില്ല. വിധിരേഖപ്പെടുത്തിയ ഫലക(അല്ലൗഹുൽ മസ്ത്വൂർ) ത്തിൻെറ വരയിൽനിന്ന് ആരുമേ രക്ഷപ്പെട്ട് മറുകണ്ടം ചാടില്ല.

## മരണാനന്തര ജീവിതത്തെ കുറിച്ചുള്ള വിശ്വാസം.

മരണശേഷം സംഭവിക്കാനിരിക്കുന്നതിലെല്ലാം വിശ്വസിക്കുന്നു. ക്വബ്റിലെ പരീക്ഷണത്തിലും അനുഗ്രഹത്തിലും, ക്വബ്റിൽ ആത്മാക്കൾ ശരീര ത്തിലേക്ക് മടക്കപ്പെടുമെന്നും അതോടെ ജനങ്ങൾ ലോകരക്ഷിതാവിങ്കലേക്ക് നഗ്നരും, നഗ്നപാദരും ചേലാകർമ്മം നിർവ്വഹിക്കപ്പെടാത്തവരുമായി എഴുന്നേറ്റുവരുമെന്നും വിശ്വസിക്കുന്നു. (മഹ്ശറയിൽ) സൂര്യൻ അവരോട് അടുക്കു മെന്നും വിശ്വസിക്കുന്നു.

## മീസാനെക്കുറിച്ചുള്ള വിശ്വാസം.

തുലാസുകൾ സ്ഥാപിക്കപ്പെടുകയും അടിയാറു കളുടെ കർമ്മങ്ങൾ തൂക്കപ്പെടുകയും ചെയ്യും.

അല്ലാഹു ﷻ പറഞ്ഞു:

فَمَن ثَقُلَتْ مَوَازِينُهُ فَأُوْلَئِكَ هُمُ الْمُفْلِحُونَ ۞ وَمَنْ خَفَّتْ مَوَازِينُهُ فَأُوْلَئِكَ الَّذِينَ خَسِرُوا أَنفُسَهُمْ فِي جَهَنَّمَ خَالِدُونَ

---

അവന് സുരക്ഷിതത്വമുള്ള സ്ഥലത്ത് അവനെ എത്തിക്കുകയും ചെയ്യുക. അവർ അറിവില്ലാത്ത ഒരു ജനവിഭാഗമാണ് എന്നതുകൊണ്ടാണത്) (വി. ഖു. 9: 6)

ഈവിശുദ്ധവചനത്തിൽ ക്വുർആനിനെ അല്ലാഹുﷻവിൻെറ കലാം(സംസാരം) എന്നാണുപറഞ്ഞത്. അല്ലാഹുﷻവിൻെറ കലാം അവൻെറ സ്വിഫത്താണ്. അല്ലാഹുﷻവിൻെറ സ്വിഫാ ത്തുകൾ ഒരിക്കലും സൃഷ്ടിയാവില്ല; അവൻെറ ദാത്ത്(സ്വത്വം) സൃഷ്ടിയാകാത്തതുപോലെ. വിശുദ്ധ ക്വുർആൻ സൃഷ്ടിയാ ണോ അല്ലയോ എന്ന വിഷയത്തിൽ അഭിപ്രായവ്യത്യാസങ്ങൾ ഉടലെടുക്കുകയും ഒരുവിഭാഗം പിഴച്ചകക്ഷികൾ അത് അല്ലാഹുﷻ വിൻെറ സൃഷ്ടിയാണെന്ന് വാദിക്കുകയും ചെയ്തു. തൽവിഷയത്തിൽ ധാരാളം പണ്ഡിതർ പരീക്ഷിക്കപ്പെടുകയും വധിക്കപ്പെടുകയും ചെയ്തു. പക്ഷേ, ഇമാം അഹ്മദ് ഇബ്നു ഹംബൽ رحمه الله യെപ്പോലുള്ള പണ്ഡിതരെക്കൊണ്ട് അല്ലാഹുﷻ സത്യത്തെ സംരക്ഷിച്ചു.

"അപ്പോൾ ആരുടെ (സൽകർമ്മങ്ങളുടെ) തൂക്കങ്ങൾ ഘനമുള്ളതായോ അവർ തന്നെയാണ് വിജയികൾ. ആരുടെ (സൽകർമ്മങ്ങളുടെ) തൂക്കങ്ങൾ ലഘുവായിപ്പോയോ അവരാണ് ആത്മനഷ്ടം പറ്റിയവർ" (വി.ക്വു.23:102-103)

ഏടുകൾ വിതരണം ചെയ്യപ്പെടും. ചിലർ തങ്ങ ളുടെ ഏടുകൾ വലതുകയ്യിൽ ഏറ്റുവാങ്ങും. ചിലരാക ട്ടെ ഇടതുകയ്യിലും.

## ഹൗദിനെക്കുറിച്ചുള്ള വിശ്വാസം.

ക്വിയാമത്തുനാളിൽ വിചാരണയുടെ വേദിയിൽ നമ്മുടെ പ്രവാചകൻﷺക്കുള്ള ഹൗദിൽ ഞാൻ വിശ്വ സിക്കുന്നു. അതിലെ വെള്ളം പാലിനേക്കാൾ വെളു ത്തതും തേനിനേക്കാൾ മധുരമേറിയതും അതിലെ പാത്രങ്ങൾ നക്ഷത്രങ്ങളേക്കാൾ എണ്ണമേറിയതുമാണ്. അതിൽനിന്ന് കുടിച്ചവന് പിന്നീടൊരിക്കലും ദാഹിക്കില്ല.

## സ്വിറാത്തിനെക്കുറിച്ചുള്ള വിശ്വാസം.

സ്വിറാത്ത് നരകത്തിന് മുകളിൽ സ്ഥാപിക്കപ്പെ ട്ടതാണ്. അതിലൂടെ ജനങ്ങൾ അവരുടെ കർമ്മങ്ങൾ ക്കനുസരിച്ച് കടന്നുപോകും.

## ശഫാഅത്തിനെക്കുറിച്ചുള്ള വിശ്വാസം.

നബിﷺ തങ്ങൾക്ക് ശഫാഅത്തുണ്ട്. അദ്ദേഹം ആദ്യത്തെശുപാർശകനും ശുപാർശക്ക് അനുവാദം ലഭിക്കുന്നവനുമാണ്. നബിﷺയുടെ ശഫാഅത്തിനെ പിഴച്ച കക്ഷികളും പുത്തൻവാദികളുമല്ലാതെ നിഷേ ധിക്കില്ല.[19] പക്ഷേ പ്രവാചകൻﷺയുടെ ശുപാർശ ഉണ്ടാകൽ അല്ലാഹുﷻയുടെ തൃപ്തിക്കും അനുവാദം നൽകലിനും ശേഷമായിരിക്കും. അല്ലാഹുﷻ പറയുന്നു:

يَعْلَمُ مَا بَيْنَ أَيْدِيهِمْ وَمَا خَلْفَهُمْ وَلَا يَشْفَعُونَ إِلَّا لِمَنِ ارْتَضَى وَهُم مِّنْ خَشْيَتِهِ مُشْفِقُون

" ...അവൻ തൃപ്തിപ്പെട്ടവർക്കു വേണ്ടിയല്ലാതെ അവർ ശുപാർശ ചെയ്യുകയില്ല......." (വ.ക്വു. 21:28)

اللّهُ لاَ إِلَـهَ إِلاَّ هُوَ الْحَيُّ الْقَيُّومُ لاَ تَأْخُذُهُ سِنَةٌ وَلاَ نَوْمٌ لَّهُ مَا فِي السَّمَاوَاتِ وَمَا فِي الأَرْضِ مَن ذَا الَّذِي يَشْفَعُ عِنْدَهُ إِلاَّ بِإِذْنِهِ يَعْلَمُ مَا بَيْنَ أَيْدِيهِمْ وَمَا خَلْفَهُمْ وَلاَ يُحِيطُونَ بِشَيْءٍ مِّنْ عِلْمِهِ إِلاَّ بِمَا شَاء وَسِعَ كُرْسِيُّهُ السَّمَاوَاتِ وَالأَرْضَ وَلاَ يَؤُودُهُ حِفْظُهُمَا وَهُوَ الْعَلِيُّ الْعَظِيمُ

[19] ശഫാഅത്തിനെ നിഷേധിച്ചവർ മുഅ്ത്തസിലുകളും ഖ വാരിജുകളുമാണ്. അവർ പടച്ചുണ്ടാക്കിയ തത്വമാണ് അതിന് കാരണീഭവിച്ചത്. അതിനാൽ വൻപാപം ചെയ്തവർ നരകത്തിൽ ശാശ്വതരാണ്. അവർ നരകത്തിൽ നിന്ന് പുറത്തു കടക്കുവാൻ ഒരാളുടേയും ശുപാർശ ഉപകാരപ്പെടില്ല. അത്തരക്കാർക്ക് ശുപാർശനൽകുവാൻ അല്ലാഹുﷻ ആർക്കും അനുവാദം നൽകില്ല. മുഅ്ത്തസിലുകളുടേയും ഖവാരിജു കളുടേയും ഈ വാദം തള്ളപ്പെടേണ്ടതും ദീനിന് അന്യവു മാണ്. കാരണം മുതവാതിറായി സ്ഥിരപ്പെട്ട സ്വഹീഹായ ഹദീഥുകൾ ശഫാഅത്തിൻെറ വിഷയത്തിൽ സ്ഥിരപ്പെട്ടിട്ടുണ്ട്.

"......അവൻെറ അനുവാദപ്രകാരമല്ലാതെ അവൻെറ യടുക്കൽ ശുപാർശ നടത്താനാരുണ്ട്..." (വി.ക്വു. 2:255)

وَكَم مِّن مَّلَكٍ فِي السَّمَاوَاتِ لَا تُغْنِي شَفَاعَتُهُمْ شَيْئًا إِلَّا مِن بَعْدِ أَن يَأْذَنَ اللَّهُ لِمَن يَشَاء وَيَرْضَى

"ആകാശങ്ങളിൽ എത്ര മലക്കുകളാണുള്ളത്! അവരു ടെ ശുപാർശ യാതൊരു പ്രയോജനവും ചെയ്യുക യില്ല; അല്ലാഹു അവൻ ഉദ്ദേശിക്കുകയും തൃപ്തി പ്പെടുകയും ചെയ്യുന്നവർക്ക് (ശുപാർശക്ക്) അനുവാ ദം നൽകിയതിൻെറ ശേഷമല്ലാതെ." (വി.ക്വു. 53:26)

അല്ലാഹു ﷻ തൗഹീദല്ലാതെ ഇഷ്ടപ്പെടില്ല. തൗ ഹീദിൻെറ ആളുകൾക്കല്ലാതെ അവൻ അനുവാദം നൽകുകയുമില്ല. എന്നാൽ മുശ്‌രിക്കുകൾ, അവർക്ക് ഒരിക്കലും ശഫാഅത്തിൻെറ ഒരു വിഹിതവുമില്ല. അല്ലാഹു ﷻ പറയുന്നു:

فَمَا تَنفَعُهُمْ شَفَاعَةُ الشَّافِعِينَ

"ഇനി അവർക്ക് ശുപാർശക്കാരുടെ ശുപാർശ യൊന്നും പ്രയോജനപ്പെടുകയില്ല" (വി.ക്വു. 74:48)

## സ്വർഗ്ഗനരകങ്ങളെക്കുറിച്ചുള്ള വിശ്വാസം.

സ്വർഗ്ഗവും നരകവും അല്ലാഹുﷻവിൻെറ സൃഷ്ടികളാണെന്നും അവ ഇന്ന് ഉണ്ടെന്നും അവകൾ നശിച്ച് പോകുകയില്ലെന്നും ഞാൻ വിശ്വസിക്കുന്നു. സത്യവിശ്വാസികൾ തങ്ങളുടെ കണ്ണുകൾകൊണ്ട് പൗർണ്ണമിരാവിൽ പൂർണ്ണചന്ദ്രനെ കാണുന്നത് പോലെ തങ്ങളുടെ രക്ഷിതാവിനെ അവർ അന്ത്യനാളിൽ കാണുമെന്നും വിശ്വസിക്കുന്നു. അവർക്ക് ഒരിക്കലും മറയിടപ്പെടുകയില്ല.

## മുഹമ്മദ് നബിﷺയിലുള്ള വിശ്വാസം.

നമ്മുടെ പ്രവാചകൻﷺ, നബിമാരിൽ അന്തിമ നും അവസാനത്തെ റസൂലുമാണെന്നും ഞാൻ വിശ്വസിക്കുന്നു. ഒരാളുടേയും വിശ്വാസം നബിﷺയുടെ രിസാലത്തിൽ വിശ്വസിക്കാതെയും അദ്ദേഹത്തിൻെറ നുബുവ്വത്തിന് സാക്ഷികളാകാതെയും ശരിയാവു കയില്ല.

## സ്വഹാബികളെക്കുറിച്ചുള്ള വിശ്വാസം.

നബിﷺയുടെ ഉമ്മത്തികളിൽ ഏറ്റവും ശ്രേഷ്ഠ രായവർ അബൂബക്കർ സിദ്ദീഖ്رضي الله عنهവും ശേഷം ഉമറുൽ ഫാ റൂക്വ്رضي الله عنهവും പിന്നീട് ഉസ്മാൻ ദുന്നൂറൈനിرضي الله عنهവും ശേഷം അലിയ്യുൽ മുർതദാرضي الله عنهവുമാണ്. അവർക്കു ശേഷം പദവി, സ്വർഗ്ഗം കൊണ്ട് സന്തോഷവാർത്ത അറിയിക്കപ്പെട്ട ആറുപേർക്കും[20] പിന്നീട് ബദ്‌രീങ്ങൾ ക്കും

[20] സ്വർഗ്ഗം കൊണ്ട് സന്തോഷവാർത്ത അറിയിക്കപ്പെട്ട മറ്റു ആറുപേർ:

1- ത്വൽഹ ഇബ്നു ഉബയ്ദില്ലرضي الله عنه

2- സുബയ്ർ ഇബ്നു അൽ അവ്വാം رضي الله عنه

3- സഅ്ദ് ഇബ്നു അബീ വക്വാസ്വ്رضي الله عنه

ശേഷം ബൈഅത്തുറിദ്വ്വാനിൽ പങ്കുകൊണ്ട വർക്കും അതിൽപ്പിന്നെ മറ്റുള്ള എല്ലാസ്വഹാബികൾ ക്കുമാകുന്നു. സ്വഹാബികളെ ഞാൻ ഹൃദയങ്കമമായി സ്നേഹിക്കുന്നു. അവരുടെ മേന്മകൾ ഞാൻ ഏറ്റുപറയുന്നു. അവർക്ക് അല്ലാഹുﷻ യുടെ സംതൃപ്തി ലഭിക്കാൻ ഞാൻ തർദ്വിയ്യത്തിന് തേടുന്നു. അവർക്കുവേണ്ടി പൊറുക്കലിനും തേടുന്നു. അവരെ ദുഷിച്ചുപറയുന്നതിൽനിന്ന് ഞാൻ എന്റെ നാവിനെ പിടിച്ചുകെട്ടുന്നു. അവർക്കിടയിലുണ്ടായ പിണക്കങ്ങളെക്കുറിച്ച് ഞാൻ മൗനമവലംബിക്കുന്നു. അവർ ക്കാണ്ശ്രേഷ്ഠതയെന്ന് ഞാൻ ഉറച്ചു വിശ്വസിക്കുന്നു. അല്ലാഹുﷻ പറയുന്നു:

وَالَّذِينَ جَاؤُوا مِن بَعْدِهِمْ يَقُولُونَ رَبَّنَا اغْفِرْ لَنَا وَلِإِخْوَانِنَا الَّذِينَ سَبَقُونَا بِالْإِيمَانِ وَلَا تَجْعَلْ فِي قُلُوبِنَا غِلًّا لِّلَّذِينَ آمَنُوا رَبَّنَا إِنَّكَ رَؤُوفٌ رَّحِيمٌ

"അവരുടെ ശേഷംവന്നവർക്കും. അവർ പറയും: ഞങ്ങളുടെ രക്ഷിതാവേ, ഞങ്ങൾക്കും സത്യവിശ്വാസ ത്തോടെ ഞങ്ങൾക്കുമുമ്പ് കഴിഞ്ഞുപോയിട്ടുള്ള ഞങ്ങളുടെ സഹോദരങ്ങൾക്കും നീ പൊറുത്തുത രേണമേ, സത്യവിശ്വാസം സ്വീകരിച്ചവരോട് ഞങ്ങളുടെ മനസ്സുകളിൽ നീ ഒരു വിദ്വേഷവും ഉണ്ടാക്കരുതേ. ഞങ്ങളുടെ രക്ഷിതാവേ, തീർച്ചയായും നീ ഏറെ ദയയുള്ളവനും കരുണാനിധിയുമാകുന്നു." (വ.ക്വു. 59:10)

മുഴുവൻ തിന്മകളിൽനിന്നും പരിശുദ്ധരാക്ക പ്പെട്ട നബിﷺയുടെ പത്നിമാരിൽ [21] അല്ലാഹുﷻയുടെ തൃപ്തിയുണ്ടാകുവാൻ ഞാൻ പ്രാർത്ഥിക്കുന്നു.

---

4- സഅ്ദ് ഇബ്നു സയ്ദ്ؓ
5- അബ്ദുർറഹ്മാൻ ഇബ്നു ഔഫ്ؓ
6- അബൂഉബയ്ദ ആമിർ ഇബ്നുൽ ജറാഹ്ؓ

[21] നബിﷺ യുടെ പത്നിമാർ (ഉമ്മഹാത്തുൽ മുഅ്മിനീൻ):
1- ഖദീജ ബിൻത് ഖുവയ്ലിദ് അൽഅസദിയ്യ ؓ
2- സൗദ ബിൻത് സംഅ അൽ ക്വുറശിയ്യؓ
3- ആഇശ ബിൻത് അബീബകർ അസ്സിദ്ദീക്വؓ
4- ഹഫ്സ്വ ബിൻത് ഉമർ അൽഅദവിയ്യؓ
5- സയ്നബ് ബിൻത് ഖുസയ്മ അൽക്വയ്സിയ്യؓ
6- ഉമ്മുസലമ ഹിന്ദ് ബിൻത് അബീഉമയ്യؓ
7- സയ്നബ് ബിൻത് ജഹ്ശ് അൽക്വുറശിയ്യؓ
8- ജുവയ്രിയ്യബിൻത് അൽഹാരിഥ് അൽമുസ്ത്വലക്വിയ്യؓ
9- ഉമ്മുഹബീബ റംല ബിൻത് അബീസുഫ്യാൻ ؓ
10- സ്വഫിയ്യ ബിൻത് ഹുയയ്യ് ഇബ്നു അഖ്ത്വബ്ؓ
11- മയ്മൂന ബിൻത് അൽഹാരിഥ് അൽഹിലാലിയ്യؓ

## ഔലിയാക്കളെക്കുറിച്ചുള്ള വിശ്വാസം.

ഔലിയാക്കൾക്ക് കറാമത്തുണ്ടെന്നും വെളിപാടു കളുണ്ടെന്നും വിശ്വസിക്കുന്നു. പക്ഷേ അല്ലാഹുﷻ വിനു മാത്രം അർഹമായവ (അവകാശങ്ങൾ) അവർ ഒരിക്കലും അർഹിക്കുന്നില്ല. അല്ലാഹുﷻവിനുമാത്രം സാധ്യമായ ഒന്നും അവരിൽ നിന്ന് തേടുവാൻ പാടുള്ളതുമല്ല.

## തക്ഫീറിനെക്കുറിച്ചുള്ള സമീപനം

അല്ലാഹുവിൻെറ റസൂൽﷺ സ്വർഗ്ഗംകൊണ്ടോ നരകംകൊണ്ടോ സാക്ഷ്യംവഹിച്ചവർക്കല്ലാതെ ഒരു വ്യക്തിക്കും ഞാൻ സ്വർഗ്ഗം കൊണ്ടോ നരകം കൊണ്ടോ സാക്ഷ്യം വഹിക്കില്ല. പക്ഷേ നന്മപ്രവർ ത്തിച്ചവന് നന്മ ലഭിക്കുവാൻ ഞാൻ ആഗ്രഹിക്കു ന്നു. പാപിയുടെകാര്യത്തിൽ ഞാൻ (ശിക്ഷയെ) ഭയക്കുന്നു. പാപം ചെയ്തതിൻെറ പേരിൽ മുസ്ലിംകളിൽ ഒരാളേയും ഞാൻ കാഫിറാക്കു കയില്ല. ഇസ്ലാമികവൃത്തത്തിൽ നിന്ന് അവനെ ഞാൻ പുറത്തുനിർത്തുകയുമില്ല.

## ജിഹാദിനെക്കുറിച്ചുള്ള സമീപനം

മുസ്ലിംഭരണാധികാരികൾ പുണ്യവാളനാണെ ങ്കിലും പാപംചെയ്തവനാണെങ്കിലും അവരോടൊപ്പ മാണ് ജിഹാദ്. അത്തരം ഭരണാധികാരികൾക്ക് പിന്നിൽ നമസ്കാരം അനുവദനീയമാണ്. ജിഹാദ് മുഹമ്മദ് നബിﷺ നിയോഗിതനായ നാളുമുതൽ ദജ്ജാൽ വധിക്കപ്പെടുന്നതുവരെ സാധൂകൃതമാണ്. അക്രമിയുടെ അക്രമമോ നീതിമാൻെറ നീതിയോ ഒരിക്കലും ജിഹാദിനെ അസാധുവാക്കില്ല.

## ഭരണാധികാരിയോടുള്ള സമീപനം

ഭരണാധികാരികൾ പുണ്യവാന്മാരായാലും പാപം ചെയ്തവരായാലും അവർ അല്ലാഹുﷻവിനെ ധിക്കരിക്കുവാൻ കൽപ്പിക്കാത്തിടത്തോളം കാലം അവരെ കേൾക്കുകയും അനുസരിക്കുകയും ചെയ്യൽ നിർബന്ധമാണെന്ന് ഞാൻ മനസ്സിലാക്കുന്നു. ഒരാളിൽ(അയാൾ തങ്ങളുടെ ഭരണാധികാരിയായി) ജനങ്ങൾ ഐക്യപ്പെടുകയും ഖലീഫയായി ജനങ്ങൾ അയാളെ തൃപ്തിപ്പെടുകയും ചെയ്തു, അല്ലെങ്കിൽ അയാൾ തൻെറ കായികബലം കൊണ്ട് അതിജയിച്ച് ഖലീഫയായി. എങ്കിൽ അയാളെ കേൾക്കലും അനുസരിക്കലും നിർബന്ധമാണ്. അയാൾക്കെ തിരിൽ പുറപ്പെടൽ നിഷിദ്ധമാണ്.

## ബിദ്ഈ കക്ഷികളോടുള്ള സമീപനം

ബിദഈകക്ഷികളെ അകന്നുനിൽക്കണം. അവർ തൗബചെയ്യുവോളം അവരെ വെടിയുകയും വേണം. അവരുടെ ബാഹ്യമനുസരിച്ച് നാം വിധിക്കുന്നു. അവരുടെ രഹസ്യങ്ങളെ അല്ലാഹുﷻയിലേക്ക് വിടുക യും ചെയ്യുന്നു. മതത്തിൽ പുതുതായി നിർമ്മിക്ക പ്പെട്ടതെല്ലാം ബിദ്അത്താണെന്നും ഞാൻ വിശ്വസിക്കുന്നു.

## ഇമാനിനെക്കുറിച്ചുള്ള വിശ്വാസം.

'ഈമാന്‍' നാവുകൊണ്ട് മൊഴിയലും ശരീരാ വയവങ്ങള്‍ക്കൊണ്ട് പ്രവര്‍ത്തിക്കലും ഹൃദയംകൊണ്ട് വിശ്വസിക്കലുമാണ്. 'ഈമാനി'ന്‍െറ തോത് അടിയാന്‍ അല്ലാഹുﷻവിന് കീഴൊതുങ്ങി ജീവിക്കുന്നതുകൊണ്ട് വര്‍ദ്ധിക്കുകയും പാപം ചെയ്യുന്നതിനനുസരിച്ച് കുറയുകയും ചെയ്യും. 'ഈമാനി'ന് എഴുപതില്‍പരം ശാഖകളുണ്ട്. അതില്‍ ഏറ്റവും ഉയര്‍ന്നത് 'ലാഇലാ ഹ ഇല്ല ല്ലാഹ്' എന്ന കലിമയാകുന്നു. അതില്‍ ഏറ്റവും താഴ്ന്ന പടി വഴിയില്‍നിന്ന് ഉപദ്രവം നീക്കലാകുന്നു. നന്മകല്‍പ്പിക്കലും തിന്മവിരോധിക്കലും പരിശുദ്ധമായദീന്‍ കല്‍പ്പിക്കുന്നതിനനുസരിച്ച് നിര്‍ബന്ധമാണ്.

ഇതാണ് ഞാന്‍ വിശ്വസിക്കുന്നതിന്‍െറ രത്നച്ചുരുക്കം വ്യാപൃതമായ മനസ്സോടെയാണ് ഞാനിത് കുറിക്കുന്നത്. ഞാന്‍ എന്ത് ആശയമാണ് കൊണ്ടുനടക്കുന്നതെന്ന് നിങ്ങള്‍ അറിയാനത്രേ ഈ കുറിമാനം. ഞാന്‍ പറയുന്നതില്‍ അല്ലാഹുﷻയെ ഭരമേല്‍പ്പിക്കുന്നു...[22]

## ശൈഖ് മുഹമ്മദ് ഇബ്നു അബ്ദില്‍ വഹ്ഹാബ് رحمه الله യുടെ ദഅ്വത്തിനെതിരില്‍ പ്രചരിക്കപ്പെട്ട കളവുകളുംസന്ദേഹങ്ങളും[23]

ശെയ്ഖിന്‍െറ ശത്രുക്കള്‍ സമുദായത്തിന് അക
ത്തും പുറത്തുമായികുറേപേര്‍ കഴിഞ്ഞുപോയിട്ടുണ്ട്. ജീവിച്ചിരിക്കുന്നവരും കുറവല്ല. ശെയ്ഖിന്‍െറ ദഅ്വ ത്തിനെതിരില്‍ പ്രചരിക്കപ്പെട്ട കളവുകളും സന്ദേഹങ്ങളും ധാരാളമാണ്. അവയില്‍ ഗൗരവമേ റിയവയും അവക്ക് ശെയ്ഖ് നല്‍കിയ മറുപടിയും താഴെ കൊടുക്കുന്നു.

**<u>കളവുകളും സന്ദേഹങ്ങളും(1)</u>**

**1. ശെയ്ഖ് നാല് മദ്ഹബുകളിലേയും ഗ്രന്ഥങ്ങള്‍ അസാധുവാക്കുന്നവനാണ്. ജനങ്ങള്‍ ആറുനൂറ്റാണ്ട് കാലമായി യാതൊന്നുമില്ലാത്തവരാണെന്ന് പറഞ്ഞ വനാണ്.**

---

[22] സഊദീഅറേബ്യയിലെ ക്വസീം നിവാസികള്‍ ശെയ്ഖി ന്‍െറ അക്വീദയെ(വിശ്വാസം)ക്കുറിച്ച് അദ്ദേഹത്തോട് ചോദിച്ച പ്പോള്‍ ശെയ്ഖിന്‍െറ വിശദീകരണമാണ് ഈ ലഘുരചന യെന്ന് സൂചിപ്പിച്ചുവല്ലോ. പ്രസ്തുതകുറിപ്പ് ഇവിടെ അവസാനിക്കുകയാണ്.

[23] അല്‍-അഹ്സാ നിവാസിയായ സുലൈമാന്‍ ഇബ്നു മുഹമ്മദ് ഇബ്നു സുഹൈം എന്ന വ്യക്തി ശെയ്ഖിന്‍െറ ദഅ്വത്തിനെതിരില്‍ കളവുകളും സന്ദേഹങ്ങളും പ്രചരിപ്പിച്ച വരില്‍ മുഖ്യനാണ്. ശെയ്ഖുതന്നെ തല്‍വിഷയം ഇപ്രകാരം പറയുന്നു: അല്‍-അഹ്സാ നിവാസിയായ സുലൈമാന്‍ ഇബ്നുമുഹമ്മദ് ഇബ്നുസുഹൈം എന്നയാള്‍ എന്നെക്കുറി ച്ചെഴുതിയ ഒരു കത്ത് ഒരുവേള നിങ്ങളിലേക്ക് എത്തിയിരി ക്കാം. ആ കത്ത് ലഭച്ചവരില്‍ ചിലര്‍ അതിലുള്ളത് സ്വീകരിക്കു കയും ചെയ്തു. പക്ഷെ അയാള്‍ ഞാന്‍ പറയാത്തതും എന്‍െറ മനസ്സില്‍ തോന്നിയിട്ടില്ലാത്തതുമായ വിഷയങ്ങള്‍ എന്‍െറപേരില്‍ കളവായി കെട്ടിയുണ്ടാക്കുകയാണ് ചെയ്തത്. (അദ്ദുറ റുസ്സനിയ്യ, അബ്ദുര്‍റഹ്മാന്‍ ഇബ്നുല്‍ക്വാസിം)

2. താൻ ഇജ്തിഹാദിന് അർഹനാണെന്നും തക്‌ലീദ് ആവശ്യമില്ലാത്തവനാണെന്നും പണ്ഡിതർക്കിടയിലെ അഭിപ്രായവ്യത്യാസങ്ങൾ പരാജയമാണെന്നും പറയുന്നവനാണ് ശെയ്ഖ്.

3. അല്ലാഹുവിൻെറ റസൂൽﷺയുടെ ക്വബ്റും മാതാപി താക്കളുടെ ക്വബ്റുകളും മറ്റുള്ളവരുടെ ക്വബ്റുകളും സിയാറത്ത് ചെയ്യുന്നത് ശെയ്ഖ് ഹറാമാക്കുന്നു.

4. അല്ലാഹു ﷻ, അല്ലാത്തവരെക്കൊണ്ട് സത്യം ചെയ്തവരെ ശെയ്ഖ് കാഫിറാക്കുന്നു.

**പ്രസ്തുത ജൽപനങ്ങൾക്ക് ശെയ്ഖിൻെറ മറുപടി:**

"ഈ ആരോപണങ്ങൾക്ക് മറുപടിയെന്നോണം എനിക്ക് പറയുവാനുള്ളത്. അല്ലാഹുവേ, നീ പരമപരിശുദ്ധൻ. ഇതെല്ലാം മഹാകളവുകളാണ്. ഇതിനുമുമ്പും ആളുകൾ നമ്മുടെ പ്രവാചകൻ മുഹമ്മദ്ﷺയെക്കുറിച്ച് കളവുകൾ പറഞ്ഞിട്ടുണ്ട്. അദ്ദേഹം ഈസാ عليه السلامയേയും സ്വാലിഹീങ്ങളേയും ചീത്തവിളിക്കുന്നു എന്നാണ് അവർ കളവായി പറഞ്ഞത്. അപ്പോൾ അവരുടേയും ഇക്കൂട്ടരുടേയും ഹൃദയങ്ങൾ കളവുകെട്ടിയുണ്ടാക്കുന്നതിലും വ്യാജം പറയുന്നതിലും പരസ്പരം സദൃശ്യമാണ്.

അല്ലാഹു ﷻ പറയുന്നു:

إِنَّمَا يَفْتَرِي الْكَذِبَ الَّذِينَ لاَ يُؤْمِنُونَ بِآيَاتِ اللهِ وَأُوْلَـئِكَ هُمُ الْكَاذِبُونَ

"അല്ലാഹുവിൻെറ ദൃഷ്ടാന്തങ്ങളിൽ വിശ്വസിക്കാത്ത വർ തന്നെയാണ് കള്ളം കെട്ടിച്ചമക്കുന്നത്. അവർ തന്നെയാണ് വ്യാജവാദികൾ" (വി.ക്വു. 16:105)

അവർ നബിﷺയെക്കുറിച്ച് കളവുകെട്ടിയു ണ്ടാക്കിപ്പറഞ്ഞു: മുഹമ്മദ്, ഈസാ عليه السلامയേയും ഉസൈർ عليه السلامയേയും നരകത്തിലാണെന്ന് പറഞ്ഞിരിക്കു ന്നു. തൽവിഷയ സംബന്ധമായി അല്ലാഹു ﷻ വിശുദ്ധ ക്വുർആനിൽ വചനമിറക്കിക്കൊണ്ടുപ്പറഞ്ഞു:

إِنَّ الَّذِينَ سَبَقَتْ لَهُم مِّنَّا الْحُسْنَى أُوْلَئِكَ عَنْهَا مُبْعَدُونَ

"തീർച്ചയായും നമ്മുടെ പക്കൽനിന്ന് മുമ്പേ നന്മ ലഭിച്ചവരാരോ അവർ അതിൽ(നരകത്തിൽ)നിന്ന് അകറ്റി നിർത്തപ്പെടുന്നവരാകുന്നു." (വി.ക്വു. 21:101)"[24]

**കളവുകളും സന്ദേഹങ്ങളും(2)**

5. ശെയ്ഖ്, നബിﷺ യുടെമേലുള്ള സ്വലാത്തിനെ ഹറാമാക്കുന്നു.

6. തനിക്കു സാധിച്ചിരുന്നുവെങ്കിൽ അല്ലാഹു ﷻവിൻെറ റസൂൽﷺയുടെ ക്വുബ്ബ പൊളിക്കുമായിരുന്നുവെന്ന് ജൽപ്പിക്കുന്നു.

7. സ്വാലിഹീങ്ങളെ കുറ്റംപറയുന്നു, അവരെ സ്നേഹി ക്കുന്നതിനെ എതിർക്കുന്നു.

**പ്രസ്തുത ജൽപനങ്ങൾക്ക് ശെയ്ഖിൻെറ മറുപടി:**

ഇത് ജനങ്ങളുടെ സമ്പത്തുകൾ അന്യായമായി തിന്നുന്ന പൈശാചികർ എൻെറപേരിൽ കെട്ടിയുണ്ടാ ക്കിയ കളവുകളും വ്യാജവാദങ്ങളുമാണ്. യഥാർത്ഥ ത്തിൽ നബിﷺ അങ്ങനെയൊരു ക്വുബ്ബ പണിതിട്ടേയില്ല എന്നയാഥാർത്ഥ്യം

[24] അദ്ദുററുസ്സനിയ്യ, അബ്ദുർറഹ്മാൻ ഇബ്നുൽക്വാസിം 1: 30-31

റസൂലുല്ലാഹിﷺ യുടെ കുബ്ബ തകർക്കാൻ തുനിയുന്നവനെന്ന് എന്നെ ആരോപിക്കുന്നവർ അറിയേണ്ടതുണ്ട്.[25]

**കളവുകളും സന്ദേഹങ്ങളും(3)**

8. സ്വാലിഹീങ്ങളെ കൊണ്ട് ഇടതേടുന്നവരെ ശെയ്ഖ് കാഫിറാക്കുന്നു.

**പ്രസ്തുത ജൽപനത്തിന് ശെയ്ഖിൻെറ മറുപടി:**

സ്വാലിഹീങ്ങളുടെ ഹക്വ്, ജാഹ്, ബർകത്ത് എ ന്നിവകൊണ്ട് ഇടതേടിയാൽ ബിദ്അത്താണ്, ഇടതേടു ന്നവൻ മുബ്തദിഉമാണ്. അത്തരക്കാരെ ശൈഖ് കാഫിറാക്കുന്നുവെന്നാണ് ആരോപകർ പറയുന്നത്. എന്നാൽ ഇടയാളന്മാർ തങ്ങളുടെ പ്രാർത്ഥന കേൾക്കുമെന്നും മധ്യവർത്തികളായി തങ്ങളുടെ ആവശ്യങ്ങൾ അല്ലാഹു ﷻവിനോട് പറയുമെന്നും വിശ്വസിക്കൽ ശിർക്കാണ്.

**കളവുകളും സന്ദേഹങ്ങളും(4)**

9. ബൂസ്വയ്രി[26]'യാ അക്റമൽ ഖൽക്വി...'എന്ന് ചൊല്ലിയതിൻെറ പേരിൽ ശെയ്ഖ് അയാളെ കാഫിറാക്കി. അഥവാ സൃഷ്ടികളിൽ മാന്യരായവരെ എന്നർത്ഥമുള്ള ഒരുവാക്യം പറഞ്ഞതിൻെറ പേരിലാണ് അതുപറഞ്ഞ ബൂസ്വയ്രിയെ ശൈഖ് കാഫിറാക്കിയത് എന്നതാണ് ആരോപണം.

**പ്രസ്തുത ജൽപനത്തിന് ശെയ്ഖിൻെറ മറുപടി:**

യഥാർത്ഥത്തിൽ ബുസ്വയ്രിയുടെ കവിതക ളിൽ പ്രവാചകൻﷺയെ അല്ലാഹുﷻവിനോട് തുല്യനാ ക്കുന്ന ആശയങ്ങളെയാണ് ഞാൻ എതിർത്തത്.[27]

---

[25] പ്രവാചകൻﷺയുടെ വീടിന് മുകളിൽ കാണപ്പെടുന്ന പച്ചക്വുബ്ബ ഏഴാം നൂറ്റാണ്ടിലാണ് പണിയപ്പെട്ടത്. അഥവാ സുൽത്താൻ അൽമൻസൂർ ക്വലാവൂൻ അസ്സ്വാലിഹി, ഹിജ്റയുടെ 678–ൽ പ്രസ്തുത ക്വുബ്ബ നിർമ്മിക്കുകയാണു ണ്ടായത്. പ്രവാചകൻﷺയുടെ സ്വഹാബികളുടേയും താബിഈങ്ങളുടേയും മദ്ഹബുകളുടെ ഇമാമുമാരുടേയും പ്രമുഖശിഷ്യന്മാരുടെ കാലഘട്ടങ്ങളിൽ പോലും പ്രസ്തുത ക്വുബ്ബ അവിടെയുണ്ടായിരുന്നില്ല എന്നതാണ് ചരിത്രയാഥാർ ത്ഥ്യം. ഏഴാം നൂറ്റാണ്ടിൽ പിൽക്കാലക്കാരനാണ് പ്രസ്തുത ക്വുബ്ബ നിർമ്മിച്ചത്.

[26] മുഹമ്മദ് ഇബ്നു സഈദ് അൽബുസ്വയ്രി ഈജി പ്തിലെ 'അബൂസയ്റ്' എന്നസ്ഥലത്ത് ഹിജ്റ 608–ൽ ജനിച്ചു. പിഴച്ച സ്വൂഫിത്വരീക്വത്തായ ശാദുലി ത്വരീക്വ ത്തുകാരനായിരുന്നു അയാൾ. ഹിജ്റ 695 –ൽ മരിച്ചു. വിഷലിപ്തവും സംസ്കാരശൂന്യവുമായ കുറേ കവി താരചനകൾ അയാൾ അനന്തരമാക്കിയിട്ടുണ്ട്. (ബുസ്വ യ്രിയുടെ ജീവചരിത്രത്തിന് മുഹമ്മദ് സയ്യിദ് കീലാനി യുടെ 'അൽബൂസ്വയ്രി ദിറാസതുൻ വനക്വ്ദ്' എന്ന ഗ്രന്ഥം നോക്കുക)

[27] ബൂസ്വയ്രിയുടെ കവിതകളിൽ പച്ചയായകുഫ്റും ശിർക്കും നിറഞ്ഞവരികളുണ്ട്. ഏതാനുംവരികൾ താഴെ കൊടുക്കുന്നു; അവയുടെഅർത്ഥങ്ങളും ചുരുങ്ങിയരീതിയിൽ അവയുടെ ഗൗരവങ്ങളും ഉണർത്തുന്നതോടൊപ്പം.

1.

يا أكرم الخلق ما لي من ألوذ به    سواك عند حلول الحادث العمم

അർത്ഥം: "മുർസലീങ്ങളിൽ അത്യാദരണീയരായവരെ, വ്യാപകമായ പ്രശ്നങ്ങൾ വന്നിറങ്ങുമ്പോൾ എനിക്ക് അഭയം നൽകാൻ താങ്കളല്ലാതെ മറ്റാരുമില്ല." ?!!!

ബൂസ്വയ്രിയുടെ ഈ കവിതയിൽ ശിർക്കിൻെറ രണ്ട് ഗൗരവമേറിയ ഭാഗങ്ങൾ ശ്രദ്ധിക്കുക:

ഒന്ന്: പ്രശ്നങ്ങൾ വന്നിറങ്ങിയാൽ തനിക്ക് നബിﷺയല്ലാതെ യാതൊരു അഭയവും ഇല്ല. (യഥാർത്ഥത്തിൽ ഏകനും പങ്കുകാരില്ലാത്തവനുമായ അല്ലാഹുﷻവല്ലാതെ അടിയാറുകൾ ക്ക് യാതൊരു അഭയവുമില്ല തന്നെ)

രണ്ട്: തൻെറ ആവശ്യവും നിർബന്ധിതാവസ്ഥയും പ്രകടിപ്പിച്ച് വിനയാന്വിതനായി പ്രവാചകൻﷺയെ വിളി ച്ചുതേടുന്നു. (അല്ലാഹുﷻവിനോട് മാത്രം തേടേണ്ട കാര്യങ്ങ ൾ പ്രവാചകൻﷺയോട് തേടുന്നു. യഥാർത്ഥത്തിൽ ഇതത്രെ ആരാധനയിലുള്ള ശിർക്കുവെക്കൽ.)

**2.**

فإنّ من جودك الدنيا وضرّتها ومن علومك علم اللوح والقلم

അർത്ഥം:'നിശ്ചയം താങ്കളുടെ ഔദാര്യത്തിൽപ്പെട്ടതാണ് ദുനിയാവും ആഖിറവും. താങ്കളുടെ അറിവുകളിൽപ്പെട്ടതാണ് ലൗഹിൻേറയും ക്വലമിൻേറയും(ലൗഹിൽമഹ്ഫൂ ദിൽ രേഖ പ്പെടുത്തപ്പെട്ടതും, ആകാശത്തും ഭൂമിയിലും സംഭവിക്കാനിരി ക്കുന്നതും തൂലികഎഴുതിയതുമായ) അറിവുകൾ.'

ഈ വരികളിൽ എല്ലാം പ്രവാചകൻﷺയിലേക്ക് ചേർത്തിരിക്കുന്നു. അപ്പോൾ എന്താണ് ഇയാൾ അല്ലാഹുﷻക്ക് ബാക്കിയാക്കിയത്? വിശുദ്ധ ക്വുർആനിലെ ഒട്ടനവധി ആയത്തുകൾക്ക് ഈവരിയും അതിൻെറ ആശയവും എതിരാണ്. അല്ലാഹുﷻ പറയുന്നു:

وَإِنَّ لَنَا لَلْآخِرَةَ وَالْأُولَى

"തീർച്ചയായും നമുക്കുള്ളതാകുന്നു പരലോകവും ഇഹ ലോകവും" (വി. ക്വു. 92:13)

وَعِندَهُ مَفَاتِحُ الْغَيْبِ لاَ يَعْلَمُهَا إِلاَّ هُوَ وَيَعْلَمُ مَا فِي الْبَرِّ وَالْبَحْرِ وَمَا تَسْقُطُ مِن وَرَقَةٍ إِلاَّ يَعْلَمُهَا وَلاَ حَبَّةٍ فِي ظُلُمَاتِ الأَرْضِ وَلاَ رَطْبٍ وَلاَ يَابِسٍ إِلاَّ فِي كِتَابٍ مُّبِينٍ

"അവൻെറ പക്കലാകുന്നു അദൃശ്യകാര്യത്തിൻെറ ഖജ നാവുകൾ. അവനല്ലാതെ അവ അറിയുകയില്ല. കരയിലും കടലിലുമുള്ളത് അവൻ അറിയുന്നു. അവനറിയാതെ ഒരു ഇലപോലും വീഴുന്നില്ല. ഭൂമിയിലെ ഇരുട്ടുകൾക്കുള്ളി ലിരിക്കുന്ന ധാന്യമണിയാകട്ടെ, പച്ചയോ ഉണങ്ങിയതോ ആയ ഏതൊരു വസ്തുവാകട്ടെ, വ്യക്തമായ ഒരു രേഖയിൽ എഴുതപ്പെട്ടതായിട്ടല്ലാതെ ഉണ്ടാവില്ല."
(വി. ക്വു. 6:59)

**3**

ولا التمست غنى الدارين من يده إلاّ استلمت الندى من خير مستلم

അർത്ഥം: ഇഹത്തിലേയും പരത്തിലേയും ഐശ്വര്യം അദ്ദേഹ ത്തിൻെറ(പ്രവാചകൻﷺയുടെ) കയ്യിൽനിന്ന് ഞാൻ അന്വേഷി ച്ചിട്ടില്ല, ഉത്തമമായ കരസ്പർശത്തിൽ നിന്ന് (ഔദാര്യത്തിൻെറ) തുഷാരം ഞാൻ സ്വീകരിക്കാതെ.

ഇവിടെ ഇഹപരഐശ്വര്യങ്ങൾ പ്രവാചകൻﷺയുടെ കയ്യിൽനിന്ന് തേടേണ്ടതാക്കുകയാണ് ബൂസ്വയ്രി. അല്ലാഹുﷻ പറയുന്നതാകട്ടെ:

قُلِ ادْعُوا الَّذِينَ زَعَمْتُم مِّن دُونِ اللَّهِ لَا يَمْلِكُونَ مِثْقَالَ ذَرَّةٍ فِي السَّمَاوَاتِ وَلَا فِي الْأَرْضِ وَمَا لَهُمْ فِيهِمَا مِن شِرْكٍ وَمَا لَهُ مِنْهُم مِّن ظَهِيرٍ

"പറയുക, അല്ലാഹുവിനു പുറമെ നിങ്ങൾ ജൽപിച്ചു കൊണ്ടിരിക്കുന്നവരോടെല്ലാം നിങ്ങൾ പ്രാർത്ഥിച്ചു നോക്കുക. ആകാശത്തിലാകട്ടെ ഭൂമിയിലാകട്ടെ ഒരണുവിൻെറ തൂക്കം പോലും അവർ ഉടമപ്പെടുത്തുന്നില്ല. അവ രണ്ടിലും അവർക്ക് യാതൊരു പങ്കുമില്ല. അവരുടെ കൂട്ടത്തിൽ അവന് സഹായിയായി ആരുമില്ല." (വി.ക്വു.34:22)

إِنَّمَا تَعْبُدُونَ مِن دُونِ اللَّهِ أَوْثَانًا وَتَخْلُقُونَ إِفْكًا إِنَّ الَّذِينَ تَعْبُدُونَ مِن دُونِ اللَّهِ لَا يَمْلِكُونَ لَكُمْ رِزْقًا فَابْتَغُوا عِندَ اللَّهِ الرِّزْقَ وَاعْبُدُوهُ وَاشْكُرُوا لَهُ إِلَيْهِ تُرْجَعُونَ

**ആരോപകർ ഉന്നയിച്ച വസ്തുതകൾ:**

ആരോപകർ ഉന്നയിക്കുകയും ശെയ്ഖ് ശക്ത മായി പ്രചരിപ്പിക്കുകയും പ്രഖ്യാപിക്കുകയും ചെയ്ത മറ്റുചില വിഷയങ്ങളുണ്ട്. അവ:

1. "ലാഇലാഹ ഇല്ലല്ലാഹു" വിൻെറ ആശയം അറിയു ന്നതുവരെ ഒരുമനുഷ്യൻേറയും ഇസ്ലാം പൂർത്തി യാവുകയില്ല.
2. തൻെറ അടുക്കൽ "ലാഇലാഹ ഇല്ലല്ലാഹു"വിൻെറ അർത്ഥം ഉൾക്കൊണ്ട് വരുന്നവരെയെല്ലാം അദ്ദേഹം അംഗീകരിക്കുന്നു.
3. അല്ലാഹുﷻ അല്ലാത്തവരുടെ സാമീപ്യം ഉദ്ദേശിച്ച് അവർക്ക് നേർച്ചയാക്കുന്നവരെയെല്ലാം കാഫിറാ ക്കുന്നു.
4. ആ രീതിയിൽ നേർച്ച സ്വീകരിക്കുന്നവനേയും കാഫിറാക്കുന്നു.
5. അല്ലാഹുﷻ അല്ലാത്തവർക്ക് വേണ്ടി അറുക്കൽ കുഫ്റാണ്.
6. അല്ലാഹുﷻ അല്ലാത്തവർക്ക് വേണ്ടി അറുത്ത മാംസം ഹറാമാണ്.

**പ്രസ്തുതവിഷയങ്ങളോട് ശെയ്ഖിൻെറ സമീപനം:**

---

"നിങ്ങൾ അല്ലാഹുവിനു പുറമെ ചില 'വഥനുകളെ' ആരാധി ക്കുകയും കള്ളം കെട്ടിയുണ്ടാക്കുകയുമാണ് ചെയ്യുന്നത്. അല്ലാഹുവിനു പുറമെ നിങ്ങൾ ആരാധിക്കുന്നത് ആരെയാ ണോ അവർ നിങ്ങൾക്കുള്ള ഉപജീവനം അധീനമാക്കുന്നില്ല. അതിനാൽ നിങ്ങൾ അല്ലാഹുവിങ്കൽ ഉപജീവനം തേടുകയും, അവനെ ആരാധിക്കുകയും അവനോട് നന്ദികാണിക്കുകയും ചെയ്യുക."

(വി. ക്വു. 29:17)

قُلْ مَن يَرْزُقُكُم مِّنَ السَّمَاء وَالأَرْضِ أَمَّن يَمْلِكُ السَّمْعَ والأَبْصَارَ وَمَن يُخْرِجُ الْحَيَّ مِنَ الْمَيِّتِ وَيُخْرِجُ الْمَيَّتَ مِنَ الْحَيِّ وَمَن يُدَبِّرُ الأَمْرَ فَسَيَقُولُونَ اللّهُ فَقُلْ أَفَلاَ تَتَّقُونَ

"പറയുക: ആകാശത്തുനിന്നും ഭൂമിയിൽനിന്നും നിങ്ങൾക്ക് ആഹാരം നൽകുന്നത് ആരാണ്? അതല്ലങ്കിൽ കേൾവിയും കാഴ്ചയും അധീനപ്പെടുത്തുന്നത് ആരാണ്? ജീവനില്ലാത്തതിൽ നിന്ന് ജീവനുള്ളതും ജീവനുള്ളതിൽ നിന്ന് ജീവനില്ലാത്തതും പുറപ്പെടുവിക്കുന്നതും ആരാണ്? കാര്യങ്ങൾ നിയന്ത്രിക്കുന്നതും ആരാണ്? അവർ പറയും അല്ലാഹു എന്ന്. അപ്പോൾ പറയുക: എന്നിട്ടും നിങ്ങൾ സൂക്ഷ്മത പാലിക്കുന്നില്ലേ." (വി. ക്വു. 10:31)

ഇത്തരം ജൽപനങ്ങളിൽനിന്നും താൻ നിരുത്തര വാദിയാണെന്ന് പ്രഖ്യാപിക്കാൻ അല്ലാഹുﷻ നബിﷺ യോട് കൽപ്പിച്ചിട്ടുണ്ട്. അല്ലാഹുﷻ പറയുന്നു:

قُل لاَّ أَقُولُ لَكُمْ عِندِي خَزَآئِنُ اللّهِ وَلا أَعْلَمُ الْغَيْبَ وَلا أَقُولُ لَكُمْ إِنِّي مَلَكٌ إِنْ أَتَّبِعُ إِلاَّ مَا يُوحَى إِلَيَّ قُلْ هَلْ يَسْتَوِي الأَعْمَى وَالْبَصِيرُ أَفَلاَ تَتَفَكَّرُونَ

"പറയുക: അല്ലാഹുവിൻെറ ഖജനാവുകൾ എൻെറ പക്കലുണ്ടെന്ന് ഞാൻ നിങ്ങളോട് പറയുന്നില്ല. അദൃശ്യ കാര്യം ഞാൻ അറിയുകയുമില്ല. ഞാൻ ഒരുമലക്കാണ് എന്ന് നിങ്ങളോട് പറയുന്നുമില്ല. എനിക്ക് ബോധനം നൽകപ്പെടുന്ന തല്ലാതെ ഞാൻ പിന്തുടരുന്നില്ല. ......"

(വി. ക്വു. 6: 50)

വിശുദ്ധക്വുർആനിലും തിരുസുന്നത്തിലും ഏതൊരു സാധാരണക്കാരനും ബോധ്യപ്പെടുന്ന അടിസ്ഥാനങ്ങളെയാ ണ് ബൂസ്വയ്രി തൻെറ കവിതകളിലൂടെ കശക്കിയെറിഞ്ഞത്. തൗഹീദുൽ ഉലൂഹിയ്യയേയും തൗഹീദുൽ റുബൂബിയ്യയേയും ഒരുപോലെ പൊളിച്ചു.
അയാളുടെ പ്രസ്തുത ശിർക്കുകളിൽ നിന്നും കു ഫ്റുകളിൽ നിന്നും അവകളുടെ ഗൗരവം ഉണർത്തിക്കൊണ്ട് സമൂഹത്തെ സമുദ്ധരിക്കുകയാണ് ശൈഖ് മുഹമ്മദ് ഇബ്നു അബ്ദിൽ വഹ്ഹാബ് ചെയ്തത്.

ഈ വിഷയങ്ങളെല്ലാം ഞാൻ പറഞ്ഞത് സത്യ മാണ്. അതിന് എനിക്ക് വിശുദ്ധക്വുർആനിൽനിന്നും ഹദീഥുകളിൽ നിന്നും തെളിവുകളുണ്ട്. നാലു മദ്ഹബുകളുടെ ഇമാമുമാർ പോലുള്ള പണ്ഡിത രുടെ വാക്കുകളിൽ നിന്നും വിശദീകരണങ്ങളുമുണ്ട്.

അല്ലാഹു ﷻ പറഞ്ഞ ഒരു വചനം പഠിക്കുവാനും ചിന്തിക്കുവാനും ഞാനിവിടെ കുറിച്ചിടുന്നു.

يَا أَيُّهَا الَّذِينَ آمَنُوا إِن جَاءَكُمْ فَاسِقٌ بِنَبَإٍ فَتَبَيَّنُوا أَن تُصِيبُوا قَوْمًا بِجَهَالَةٍ فَتُصْبِحُوا عَلَىٰ مَا فَعَلْتُمْ نَادِمِينَ

"സത്യവിശ്വാസികളേ, ഒരുഅധർമ്മകാരി വല്ലവാർത്ത യും കൊണ്ട് നിങ്ങളുടെ അടുത്ത് വന്നാൽ നിങ്ങള തിനെ പറ്റി വ്യക്തമായി അന്വേഷിച്ചറിയണം. അറി യാതെ ഏതെങ്കിലും ഒരുജനതക്ക് നിങ്ങൾ ആപത്ത് വരുത്തുകയും, എന്നിട്ട് ആ ചെയ്തതിൻെറ പേരിൽ നിങ്ങൾ ഖേദക്കാരായിത്തീരുകയും ചെയ്യാതിരിക്കാൻ വേണ്ടി." (വി.ക്വു. 49:6)

وآخر دعوانا أن الحمد لله ربّ العالمين

وصلّى الله على نبيّنا محمّد وآله وصحبه وسلّم

# വിഷയസൂചി


| | |
|---|---|
| o അവതാരിക | 1 |
| o വിഷയസൂചി | 7 |
| o ശെയ്ഖിൻെറ ജീവിതചരിത്രം ഹ്രസ്വമായി | 10 |
| • പേരും കുടുംബവും | 10 |
| • പഠനജീവിതം | 10 |
| • പ്രബോധന ജീവിതം | 11 |
| • നേട്ടങ്ങൾ | 18 |
| • ഗ്രന്ഥങ്ങൾ | 21 |
| • മരണം | 22 |
| o ശെയ്ഖിൻെറ ആദർശം ഹ്രസ്വമായി | 22 |
| o സ്വിഫാതുല്ലാഹിﷻയിലുള്ള വിശ്വാസം | 23 |
| o അടിക്കുറിപ്പുകൾ: | 24 |
| • അഹ്ലുത്തഹ്രീഫ്(തഹ്രീഫിൻെറആളുകൾ) | 24 |
| • അഹ്ലുത്തക്‌യീഫ്(തക്‌യീഫിൻെറ ആളുകൾ) | 25 |
| • അഹ്ലുത്തഅ്‌വീൽ(തഅ്‌വീലിൻെറ ആളുകൾ) | 25 |
| • അഹ്ലുത്തഅ്ത്വീൽ(തഅ്ത്വീലിൻെറ ആളുകൾ) | 25 |
| • അഹ്ലുതംഥീൽ(തംഥീലിൻെറ ആളുകൾ) | 25 |
| • അഹ്ലുത്തഫ്‌വീദ്വ്(തഫ്‌വീദ്വിൻെറ ആളുകൾ) | 26 |
| ഫിർക്വതുന്നാജിയയെക്കുറിച്ചുള്ള വിശ്വാസം | 27 |
| o അടിക്കുറിപ്പുകൾ: | 27 |
| • ക്വദ്‌രിയ്യ: | 27 |
| • ജബ്‌രിയ്യ: | 28 |
| • മുർജിഅ: | 29 |
| • വഈദിയ്യ: | 29 |
| • ഹറൂറിയ്യ: | 30 |
| • മുഅ്തസില: | 30 |
| • ജഹ്മിയ്യ: | 31 |
| • റവാഫിദ്വ് | 31 |
| • ഖവാരിജ് | 32 |
| o വിശുദ്ധക്വുർആനിലുള്ളവിശ്വാസം | 33 |
| o ക്വദാ-ക്വദ്റിലുള്ള വിശ്വാസം. | 34 |
| o മരണാനന്തര ജീവിതത്തിലുള്ള വിശ്വാസം. | 35 |
| o മീസാനെക്കുറിച്ചുള്ള വിശ്വാസം. | 35 |
| o ഹൗദ്വിനെക്കുറിച്ചുള്ള വിശ്വാസം. | 36 |
| o സ്വിറാത്വിനെക്കുറിച്ചുള്ള വിശ്വാസം. | 36 |

| | |
|---|---|
| o ശഫാഅത്തിനെക്കുറിച്ചുള്ള വിശ്വാസം. | 37 |
| o സ്വർഗ്ഗ-നരകങ്ങളെക്കുറിച്ചുള്ള വിശ്വാസം. | 39 |
| o മുഹമ്മദ് നബിﷺ യെക്കുറിച്ചുള്ള വിശ്വാസം. | 39 |
| o സ്വഹാബികളെക്കുറിച്ചുള്ള വിശ്വാസം. | 39 |
| o ഔലിയാക്കളെക്കുറിച്ചുള്ള വിശ്വാസം. | 42 |
| o തക്ഫീറിനെക്കുറിച്ചുള്ള സമീപനം. | 42 |
| o ജിഹാദിനെക്കുറിച്ചുള്ള സമീപനം. | 43 |
| o ഭരണാധികാരിയോടുള്ള സമീപനം. | 43 |
| o ബിദ്ഈകക്ഷികളോടുള്ള സമീപനം. | 44 |
| o ഈമാനിനെക്കുറിച്ചുള്ള വിശ്വാസം. | 44 |
| o ശെയ്ഖിന്റെ ദഅ്വത്തിനെതിരിൽ പ്രചരിപ്പിക്കപ്പെട്ട കളവുകളും സന്ദേഹങ്ങളും | 45 |
| • കളവുകളും സന്ദേഹങ്ങളും(1) | 46 |
| • ശെയ്ഖിന്റെ മറുപടി | 47 |
| • കളവുകളും സന്ദേഹങ്ങളും(2) | 48 |
| • ശെയ്ഖിന്റെ മറുപടി | 48 |
| • കളവുകളും സന്ദേഹങ്ങളും(3) | 49 |
| • ശെയ്ഖിന്റെ മറുപടി | 49 |
| • കളവുകളും സന്ദേഹങ്ങളും(4) | 49 |
| • ശെയ്ഖിന്റെ മറുപടി | 50 |
| o ആരോപകർ ഉന്നയിച്ച വസ്തുതകൾ | 54 |
| o വസ്തുതകളോട് ശെയ്ഖിന്റെ സമീപനം | 55 |